I.ഇ.ബി. XIIകേരള നിയമസഭ/VIII-6

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 ജൂൺ 30, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

കട്ടപ്പന സർവ്വീസ് സഹകരണബാങ്ക് തെരഞ്ഞെടുപ്പിനോ-ടനുബന്ധിച്ചുണ്ടായ അക്രമം

മി. സ്പീക്കർ: 29-6-2008-ൽ ഇടുക്കി ജില്ലയിലെ കട്ടപ്പന സർവ്വീസ് സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഉണ്ടായ അക്രമത്തെ തുടർന്ന് ശ്രീ റോഷി അഗസ്റ്റിൻ എം.എൽ.എ.യ്ക്കടക്കം പരിക്കുപറ്റിയതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ കെ.ബാബു, സി.ടി. അഹമ്മദ് അലി, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): 29-6-2008-ന് കട്ടപ്പന സർവ്വീസ് സഹകരണ ബാങ്കിന്റെ മാനേജിംഗ് കമ്മിറ്റിയിലേയ്ക്കുള്ള ഇലക്ഷൻ കട്ടപ്പന സെന്റ് ജോൺസ് ഹയർ സെക്കന്ററി സ്കൂളിൽ വച്ച് രാവിലെ 8 മണിക്കാണ് നടന്നത്. ആകെയുള്ള 15 സീറ്റിൽ 14 സീറ്റിലും ഇലക്ഷൻ നടന്നപ്പോൾ ഒരു സീറ്റിൽ എൽ.ഡി.എഫ്. എതിരില്ലാതെ ജയിച്ചിരുന്നു. ആകെ 7 ബൂത്ത് അവിടെ ഉണ്ടായിരുന്നു. ഇലക്ഷൻ നടന്ന ദിവസം രാവിലെ തന്നെ അംഗങ്ങളെക്കൊണ്ട് വോട്ട് ചെയ്യിപ്പിക്കുന്നതിനായി ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ.യും മുൻ എം.എൽ.എ.യും ഡി.സി.സി. പ്രസിഡന്റുമായ ശ്രീ. പി.ടി.തോമസും ഉൾപ്പെടെയുള്ള യു.ഡി.എഫ്. നേതാക്കൾ ഇലക്ഷൻ നടന്ന സ്കൂളിനു സമീപമുള്ള സംഗീത ഹോട്ടലിനുസമീപം കൂടിനിന്ന് തെരഞ്ഞെടുപ്പ് പ്രവർത്തനം നടത്തി. എൽ.ഡി.എഫ്. പ്രവർത്തകരും പ്രാദേശിക നേതാക്കളുടെ നേതൃത്വത്തിൽ പ്രവർത്തനം നടത്തി. ഉച്ചയ്ക്കുശേഷം 3.30-ഓടെ യു.ഡി.എഫ്.-എൽ.ഡി.എഫ്. പ്രവർത്തകർ തമ്മിൽ വാക്കുതർക്കമുണ്ടാവുകയും പോലീസ് അവരെ മാറ്റിവിടുകയും ചെയ്തു. എന്നാൽ വീണ്ടും ഇരുകൂട്ടരും തമ്മിൽ കല്ലേറുണ്ടാവുകയും ഇരുവിഭാഗത്തിലുള്ള നേതാക്കന്മാർക്കും പോലീസിനും പരിക്ക് പറ്റുകയും ചെയ്തു. പരിക്കേറ്റ എല്ലാവരേയും കട്ടപ്പന സെന്റ് ജോൺസ് ആശുപത്രിയിലും യു.ഡി.എഫ്. പ്രവർത്തകനായ കൊച്ചറ മോഹനൻ നായരുടെ കണ്ണിനേറ്റ പരിക്കിന്റെ ചികിൽസയ്ക്കായി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലും പ്രവേശിപ്പിച്ചിട്ടുണ്ട്. സ്ഥലത്തുണ്ടായിരുന്ന . പോലീസ് ഇരുവിഭാഗക്കാരേയും ബൂത്തിനടുത്തുനിന്ന് മാറ്റി

വിടുകയും വൈകുന്നേരം 5 മണിവരെ വോട്ടിംഗ് തുടരുകയും 5377 പേർ വോട്ട് രേഖപ്പെടുത്തുകയും ചെയ്തു. കല്ലേറിൽ സമീപത്തുള്ള എക്സൈസ് റെയിഞ്ച് ഓഫീസിന്റെ രണ്ട് ജനൽ ചില്ലുകൾ പൊട്ടിയിട്ടുണ്ട്. ഇതിനെത്തുടർന്ന് തൊടുപുഴ, കാളിയാർ, മൂന്നാർ എന്നിവിടങ്ങളിൽ പ്രതിഷേധ പ്രകടനം നടക്കുകയും. യു.ഡി.എഫ്. പ്രവർത്തകർ ഒരു കെ.എസ്.ആർ.ടി.സി. ബസ്സിന്റെ ചില്ല് എറിഞ്ഞ് തകർക്കുകയും ചെയ്തു. ഇന്ന് (30-6-08) യു.ഡി.എഫ്. ആഹ്വാനം ചെയ്ത ഹർത്താൽ നടക്കുകയാണ്. . ഇലക്ഷനിൽ 14 സീറ്റിലും യു.ഡി.എഫ് വിജയിക്കുകയുണ്ടായി. സിറ്റിംഗ് എം.എൽ.എ. അടക്കം 8 കോൺഗ്രസ്സുകാരെ ദേഹോപദ്രവം ഏൽപ്പിച്ചതിന് ഒരു സംഘം സി.പി.ഐ (എം) പ്രവർത്തകർക്കെതിരേയും ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുകാരെ ദേഹോപദ്രവം ഏൽപ്പിച്ചതിന് എൽ.ഡി.എഫ്-ലെ 10 പ്രവർത്തകർക്കെതിരേയും കണ്ടാലറിയാവുന്ന ഒരു സംഘം യു.ഡി.എഫ്. പ്രവർത്തകർക്കെതിരേയും കേസ്സുകൾ രജിസ്റ്റർ ചെയ്ത് കട്ടപ്പന സി.ഐ. അന്വേഷണം നടത്തിവരികയാണ്. സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാണ്.

ശ്രീ. കെ. ബാബു: ശ്രീ. റോഷി അഗസ്റ്റിൻ എം.എൽ.എ-യും മുൻ എം.എൽ.എ. ശ്രീ. പി.ടി. തോമസും ഉൾപ്പെടെ നിരവധി യു.ഡി.എഫ്. നേതാക്കന്മാരും പ്രവർത്തകരും മാർക്സിസ്റ്റുകാരുടെ ആക്രമണത്തിന് വിധേയരായി ഗുരുതരമായി പരിക്കേറ്റ് കട്ടപ്പന സെന്റ് ജോൺസ് ആശുപത്രിയിലും ഇടുക്കി ജില്ലയിലെ വിവിധ ആശുപത്രികളിലും ചികിൽസയിൽ കഴിയുകയാണ്. കണ്ണിനു ഗുരുതരമായ പരിക്കേറ്റ് കൊച്ചറ മോഹനൻ നായരെ കോട്ടയം മെഡിക്കൽ കോളേജ്

ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഇടുക്കി ജില്ലയിൽ ഇന്ന് (30-6-08) ഹർത്താലിന് ആഹ്വാനം ചെയ്തിരിക്കുകയാണ്. സ്ഫോടനാത്മകമായ അന്തരീക്ഷം അവിടെ നിലനിൽക്കുകയാണ്. യു.ഡി.എഫ്-കാരുടെ കുഴപ്പം കൊണ്ടാണ് അക്രമമുണ്ടായതെന്ന ധ്വനിയിലുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി നിർഭാഗ്യകരമാണ്. 29-6-08-ന് കട്ടപ്പന സർവ്വീസ് സഹകരണ ബാങ്കിലെ തെരഞ്ഞെടുപ്പിൽ അക്രമമുണ്ടാകുമെന്ന് മുൻകൂട്ടി കണ്ട് സമാധാനപരമായി ഇലക്ഷൻ നടത്തുന്നതിന് പോലീസ് പ്രൊട്ടക്ഷൻ നൽകിയിരുന്നു. ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ 200-ഓളം പോലീസുകാർ സംഭവസ്ഥലത്തുണ്ടായിരുന്നു. രാവിലെ 8 മണിക്ക് പോളിംഗ് ആരംഭിച്ചതുമുതൽ സി.പി.ഐ(എം) പ്രവർത്തകരുടെ ആക്രമണം പോളിംഗ് സ്റ്റേഷനകത്തും പുറത്തുമുണ്ടായി. വോട്ടർമാരല്ലാത്ത ആളുകളാണ് ഏജന്റുമാരായി പോളിംഗ് ബൂത്തിൽ ഇരുന്നത്. യു.ഡി.എഫ്-ന്റെ 4 സ്ഥാനാർത്ഥികളെ പോളിംഗ് ബൂത്തിനകത്തുവച്ച് മർദ്ദിക്കുകയുണ്ടായി. അംഗമല്ലാത്ത ഏജന്റുമാരെ ഒഴിവാക്കാനാവശ്യപ്പെട്ട് റിട്ടേണിംഗ് ഓഫീസർക്ക് പരാതി കൊടുത്തെങ്കിലും അദ്ദേഹം യാതൊരു നടപടിയും സ്വീകരിച്ചില്ല. വോട്ടിംഗ് ആരംഭിച്ചപ്പോൾത്തന്നെ സി.പി.ഐ(എം) പ്രവർത്തകർ കള്ളവോട്ട് ചെയ്യുന്നതിന് ശ്രമമാരംഭിച്ചു. ഇതിനെത്തുടർന്ന് ധാരാളം ആളുകൾ പോളിംഗ് ബൂത്തിലേയ്ക്ക് തള്ളിക്കയറുകയും സമാധാനാന്തരീക്ഷം തടസ്സപ്പെടുമെന്ന സാഹചര്യത്തിൽ ഐ.ജി. വിൻസന്റ് പോളിനെ ബന്ധപ്പെടുകയും ചെയ്തു. മുൻ എം.എൽ.എ.യായ ശ്രീ. ഇ.എം. അഗസ്തി വോട്ടു ചെയ്യാൻ ചെന്നപ്പോൾ അദ്ദേഹത്തേയും കയ്യേറ്റം ചെയ്യാനുള്ള ശ്രമമുണ്ടായി.

പോലീസും റിട്ടേണിംഗ് ഓഫീസറും ഒത്തുകളിച്ച് കള്ളവോട്ട് നിർബാധം തുടരുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുകയാണ് ചെയ്തത്. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പോലീസ് പ്രൊട്ടക്ഷൻ നൽകിയിരുന്നുവെങ്കിലും ബാങ്ക് തല്ലിപ്പൊളിച്ചിട്ടും പോലീസിന്റെ ഭാഗത്തുനിന്ന് യാതൊരു നടപടിയുമുണ്ടായില്ല. 17-ഓളം പ്രവർത്തകർ ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിലാണ്. അരമണിക്കൂറിനുശേഷമാണ് ശ്രീ. പി.ടി. തോമസ്സിനെ ആശുപത്രിയിൽ എത്തിച്ചത്. ഇത്രയും അനിഷ്ട സംഭവങ്ങൾ നടന്നിട്ടും പോലീസ് യാതൊരു നടപടിയും സ്വീകരിച്ചില്ല. സി.പി.ഐ(എം) ഈ സംസ്ഥാനത്ത് അക്രമം അഴിച്ചുവിട്ട് നീതി പൂർവ്വമായ ഇലക്ഷൻ നടത്തിപ്പിനെ അട്ടിമറിക്കുവാൻ ശ്രമിക്കുകയാണുണ്ടായത്. ഈ സാഹചര്യം കണക്കിലെടുത്ത് സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ബാങ്ക് തെരഞ്ഞെടുപ്പിന്റെ ഭാഗമായി ഹൈക്കോടതി നിർദ്ദേശ പ്രകാരം ആവശ്യമായ എല്ലാ സുരക്ഷാക്രമീകരണങ്ങളും സ്വീകരിച്ചിരുന്നു. അതിന്റെ ഭാഗമായി ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു വൻ പോലീസ് സന്നാഹം തന്നെ അവിടെ ക്രമീകരിക്കുകയും ചെയ്തിരുന്നു. പ്രശ്നങ്ങളുണ്ടായത് പോളിംഗ് ബൂത്തിനു പുറത്താണ്. അവിടെ ആകെയുള്ള 11065 വോട്ടർമാരിൽ 5377 പേരാണ് വോട്ട് രേഖപ്പെടുത്തിയത്. തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. വിജയിക്കുകയും ചെയ്തു. കള്ളവോട്ട് ചെയ്തു എന്നാണ് ഇപ്പോൾ പറയുന്നത്. ഇലക്ഷൻ റദ്ദ്

ചെയ്യണമെങ്കിൽ അത് പ്രതിപക്ഷനേതാവ് എഴുതിത്തന്നാൽ അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കഴിഞ്ഞ ഇലക്ഷൻ സമയത്ത് കേരള കോൺഗ്രസ് (എം) ആയിരുന്ന ബാങ്ക് പ്രസിഡന്റ് ശ്രീ. ജോയ് വെട്ടിക്കുഴി കേരള കോൺഗ്രസ് (ജെ)-യിലേയ്ക്കും ഇപ്പോൾ കോൺഗ്രസ് (ഐ)-യിലേയ്ക്കും മാറിയതിനെച്ചൊല്ലിയുള്ള സംഘർഷങ്ങളാണ് യഥാർത്ഥത്തിൽ അവിടെ ഉണ്ടായത്. എക്സ് എം.എൽ.എ.യെ. മർദ്ദിച്ചുവെന്ന പരാതി ലഭിച്ചാൽ നിയമപ്രകാരം പോലീസ് നടപടി സ്വീകരിക്കുന്നതാണ്. യഥാർത്ഥ പ്രശ്നങ്ങളിൽ നിന്നും ശ്രദ്ധ തിരിച്ചു വിടുന്നതിനു വേണ്ടിയാണ് യു.ഡി.എഫ്. അവിടെ ഹർത്താൽ ആഹ്വാനം ചെയ്തിരിക്കുന്നത്. അവിടെ സ്ഫോടനാത്മകമായ സ്ഥിതിവിശേഷം ഇല്ലാത്ത സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ജി.കാർത്തികേയൻ, സി.എഫ്. തോമസ്, സി.ടി. അഹമ്മദ് അലി എന്നീ അംഗങ്ങൾ പ്രസ്താവന നടത്തുകയും അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ നടപടി

ശ്രീ. പി. ജയരാജൻ: സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി കേന്ദ്ര വൈദ്യുതിവിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് കൂടുതൽ വൈദ്യുത പദ്ധതികൾ ആരംഭിച്ചാൽ മാത്രമേ ഇപ്പോഴുള്ള ഗുരുതരമായ സ്ഥിതിവിശേഷം മറികടക്കാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള ഹൈഡൽ പ്രോജക്ടുകളിൽ നിന്നാണ് ഏറ്റവും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നത്. ഉപഭോക്താക്കൾക്ക് ചുരുങ്ങിയ നിരക്കിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ച് നൽകുന്നതിന് കൂടുതലായും ആശ്രയിക്കുന്നത് ജല വൈദ്യുത പദ്ധതികളെയാണ്. ഇത്തവണ മൺസൂണിന്റെ ലഭ്യതയിൽ വന്നിട്ടുള്ള വ്യത്യാസം കാരണം ക്യാച്ച്മെന്റ് ഏരിയയിൽ ആവശ്യത്തിനുള്ള വെള്ളം കിട്ടാത്തതുകൊണ്ട് ജല വൈദ്യുത പദ്ധതികളിലെ വൈദ്യുതി ഉൽപാദനത്തിന്റെ തോത് കുറഞ്ഞിരിക്കുകയാണ്. സംസ്ഥാനത്ത് ജലവൈദ്യുതി കൂടുതലായി ഉൽപാദിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടക്കുന്നുണ്ട്. സംസ്ഥാനം നേരിടുന്ന രൂക്ഷമായ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ഇലക്ട്രിസിറ്റി ബോർഡും ഗവൺമെന്റും നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള വൈദ്യുത പദ്ധതികളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ.ബാലൻ) വൈദ്യുതി രംഗത്ത് കടുത്ത പ്രതിസന്ധിക്കുള്ള പ്രധാനമായ കാരണങ്ങൾ കാലവർഷം വൈകിയതും കേന്ദ്ര പൂളിൽനിന്ന് ലഭിച്ചുകൊണ്ടിരുന്ന വൈദ്യുതി വിഹിതം വൻതോതിൽ വെട്ടിക്കുറച്ചതും മൂഴിയാർ അപകടത്തെത്തുടർന്ന് ശബരിഗിരി, കക്കാട് പദ്ധതികൾ അടച്ചിടേണ്ടി വന്നതുമാണ്. സംസ്ഥാനത്തെ പീക്ക് ലോഡ് ഡിമാന്റ് 2700 മെഗാവാട്ടും വൈദ്യുതിയുടെ ലഭ്യത 2200 മെഗാവാട്ടും ആണ്. അതുകൊണ്ടാണ് പീക്ക് ലോഡ് സമയത്ത് അര മണിക്കൂർ ലോഡ് ഷെഡിംഗ് ഏർപ്പെടുത്തിയത്. കേന്ദ്ര താപവൈദ്യുത നിലയങ്ങൾക്ക് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ കൽക്കരി കിട്ടാത്തതും വൈദ്യുതി ക്ഷാമത്തിന് കാരണമാകുന്നു. കേന്ദ്ര വൈദ്യുതി വിഹിതം പുന:സ്ഥാപിക്കണമെന്ന് കേന്ദ്ര മന്ത്രിമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. വൈദ്യുതി മേഖലയിൽ പുതിയ സംരംഭങ്ങൾ ആവശ്യമായ സ്ഥിതിക്ക് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ഗവൺമെന്റ് ആസൂത്രണം ചെയ്തുവരുന്നുണ്ട്. ഒറീസ, ഗുജറാത്ത്, കേരളം എന്നീ സംസ്ഥാനങ്ങൾ ചേർന്ന് 3000 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. അതിന് ആവശ്യമായിട്ടുള്ള കൽക്കരിപ്പാടം കേന്ദ്ര ഗവൺമെന്റ് അനുവദിച്ചു തന്നിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതിന് എൻ.ടി.പി.സി-യുമായി ചർച്ച നടന്നുവരികയാണ്. കാറ്റാടി നിലയങ്ങൾ വഴി 28 മെഗാവാട്ട് വൈദ്യുതിയുണ്ടാക്കാൻ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 500 മെഗാവാട്ട് വൈദ്യുതിക്കുവേണ്ടി 20 പദ്ധതികളുടെ ഡി.പി.ആർ.

നടന്നുകൊണ്ടിരിക്കുന്നു. മറ്റു സംസ്ഥാനങ്ങളിൽനിന്നും 696 മെഗാവാട്ട് വൈദ്യുതി കിട്ടാനുള്ള ധാരണയിൽ പവർ പർച്ചേസ് എഗ്രിമെന്റ് വച്ചു. കമ്മീഷൻ ചെയ്യാൻപോകുന്ന അൾട്രാ മെഗാ പദ്ധതികളിൽനിന്നും 500 മെഗാവാട്ട് വൈദ്യുതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പത്തു വർഷംകൊണ്ട് 3000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു ദീർഘകാല പദ്ധതിക്കാണ് ഗവൺമെന്റ് ആസൂത്രണം ചെയ്തുവരുന്നത്. പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിന് 400 കെ.വി. പവർ ഹൈവേയുടെ പ്രവർത്തനം നടക്കുന്നുണ്ട്. അത് യാഥാർത്ഥ്യമാകുന്നതോടെ കേരളത്തിന്റെ പ്രസരണ മേഖലയിൽ വലിയ മാറ്റമുണ്ടാക്കാൻ സാധിക്കും.എല്ലാപേരുടേയും സഹകരണത്തോടുകൂടി മാത്രമേ ഈ പദ്ധതികൾ നടപ്പാക്കാൻ കഴിയൂ. സമൂഹത്തെ വിശ്വാസത്തിലെടുത്തുകൊണ്ടു മാത്രമേ പദ്ധതികൾ മുന്നോട്ടുകൊണ്ടു പോകാൻ കഴിയുകയുള്ളൂ.

<u>(2) ടെക്നോസിറ്റിക്കു വേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ</u>

<u>ശ്രീ. എം.എ.വാഹീദ്</u>: പള്ളിപ്പുറത്ത് ഐ.ടി. വകുപ്പ് സ്ഥാപിക്കുന്ന ടെക്നോ സിറ്റിയുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പു നടപടികളിൽ തദ്ദേശവാസികൾ ആശങ്കാകുലരാണ്.. ആൾപ്പാർപ്പുള്ള സ്ഥലം പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് 750 ഏക്കർ സ്ഥലം എടുക്കാൻ നിശ്ചയിക്കുകയും പിന്നീട് അത് 507 ഏക്കറായി നിജപ്പെടുത്തുകയും ചെയ്തു. കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് സൗജന്യമായി 5 സെന്റ് ഭൂമിയും വീട് വയ്ക്കുന്നതിന് ധനസഹായവും ഏറ്റെടുക്കുന്ന ഭൂമിക്ക്

മാർക്കറ്റ് വിലയും കൊടുക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകിയതിന്റെ അടിസ്ഥാനത്തിലാണ് അക്വിസിഷൻ നടപടികളുമായി മുന്നോട്ടുപോയത്. എന്നാൽ നേരത്തേ തീരുമാനിച്ചതിൽനിന്നും വ്യത്യസ്തമായി 507 ഏക്കറിൽ ഉൾപ്പെട്ട ജനവാസം കുറഞ്ഞ 58 ഏക്കർ സ്ഥലം ഏതോ കാരണം പറഞ്ഞ് ഒഴിവാക്കിക്കൊണ്ട് ഇപ്പോൾ ജനനിബിഢമായ സ്ഥലം എടുക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഒരു വില്ലേജിൽ മാത്രം 178 പേരെ കുടിയൊഴിപ്പിക്കത്തക്ക രീതിയിൽ സ്കെച്ചിൽ മാറ്റം വരുത്തിയിരിക്കുന്നു. ഇക്കാര്യത്തിൽ സർക്കാർ മുമ്പ് കൊടുത്തിരുന്ന ഉറപ്പുകൾ പാലിക്കണം. കുടിയൊഴിപ്പിക്കപ്പെടുന്ന വീടുകളുടെ എണ്ണത്തിൽ മാറ്റം വരുത്താൻ പാടില്ല. മുമ്പ് തീരുമാനിച്ച രീതിയിൽത്തന്നെ അക്വിസിഷൻ നടത്താൻ നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): 21-02-2006-ലെ സർക്കാർ ഉത്തരവ് പ്രകാരം ടെക്നോസിറ്റിക്കുവേണ്ടി പള്ളിപ്പുറം, മേൽതോന്നയ്ക്കൽ, അണ്ടൂർക്കോണം, മേലൂർ വില്ലേജുകളിലായി 507 ഏക്കർ ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ള സ്ഥലം ടെക്നോപാർക്ക് അധികൃതരാണ് കണ്ടെത്തി നൽകിയിട്ടുള്ളത്. ഭൂഉടമകളുമായി ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ഡി.എൽ.പി.സി. ചർച്ച നടത്തി അടിസ്ഥാന വിലയുടെ 20 മുതൽ 30 ശതമാനം വരെ വർദ്ധനവ് ശുപാർശ ചെയ്തത് സ്റ്റേറ്റ് ലെവൽ കമ്മിറ്റി കൂടി അംഗീകരിച്ചു നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചു വരികയാണ്. സംസ്ഥാനത്തു വരുന്ന ഏറ്റവും വലിയ ഒരു പ്രോജക്ടാണിത്. ഈ പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ

ജനപ്രതിനിധികളുമായും തദ്ദേശവാസികളുമായും ചർച്ച ചെയ്തശേഷം നീതിപൂർവ്വകവും വസ്തു ഉടമകളുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടും സർക്കാർ നൽകിയ ഉറപ്പുകൾ പാലിച്ച് മാർക്കറ്റ് വില ലഭ്യമാക്കിയും പ്രശ്നങ്ങളില്ലാതെ നിശ്ചിത സമയത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ വികസന പ്രവർത്തനങ്ങൾക്ക് വിവിധ ജില്ലകളിൽ സ്ഥലം ഏറ്റെടുക്കുമ്പോൾ കുടിയൊഴിപ്പിക്കുന്നവരെ പുനരധിവസിപ്പിക്കേണ്ടതിന്റെ ചുമതലകൂടി സർക്കാരിനുണ്ട്. സ്ഥലം ഏറ്റെടുക്കുന്ന നടപടികളിൽ എന്തെങ്കിലും വ്യത്യാസം വരുത്തുകയോ ഏതെങ്കിലും തരത്തിലുള്ള സ്വാധീനത്തിനോ അഴിമതിക്കോ കൂട്ടുനിൽക്കുകയോ വീഴ്ച വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം ഉദ്യോഗസ്ഥരുടെ പേരിൽ ശക്തമായ നടപടിയെടുക്കുന്നതാണ്. ഈ വിഷയം സംബന്ധിച്ച് എം.എൽ.എ.മാർ, എം.പി.മാർ, പഞ്ചായത്തു പ്രസിഡന്റുമാർ, തദ്ദേശവാസികൾ എന്നിവരുമായി ചർച്ച ചെയ്ത് ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ അംഗീകരിച്ച് ടെക്നോസിറ്റി യാഥാർത്ഥ്യമാക്കാൻ എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

**സബ്മിഷൻ**

(1) വിദേശ മലയാളികളുടെ കുട്ടികൾക്ക് നാട്ടിൽ പഠനസൗകര്യം ലഭ്യമാക്കൽ

ശ്രീ. മഞ്ഞളാംകുഴി അലി : വിദേശത്ത് താമസമാക്കിയിട്ടുള്ള മലയാളികളുടെ കുട്ടികൾക്ക് നാട്ടിൽ പഠനസൗകര്യത്തിനായി

നോർക്കാ റൂട്ട്സിന്റെ കീഴിൽ റെസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ കുട്ടികളുടെ പഠന സൗകര്യാർത്ഥം നല്ല നിലവാരമുള്ള ഹോസ്റ്റൽ സൗകര്യത്തോടു കൂടിയ സ്കൂളുകൾ കേരളത്തിൽ ആരംഭിക്കുക എന്ന ആവശ്യം പരിഗണനാർഹമാണ്. ഇക്കാര്യം നോർക്കാ-റൂട്ട്സ് പരിഗണിച്ചു വരികയാണ്. 18-06-2008-ൽ കൂടിയ നോർക്കാ-റൂട്ട്സിന്റെ ബോർഡ് യോഗത്തിൽ ഇതിനെക്കുറിച്ച് ചർച്ച ചെയ്ത് സി.ബി.എസ്.ഇ. സിലബസ് മാതൃകയാക്കി 1 മുതൽ 12 വരെ ക്ലാസ്സുകളുള്ള റെസി ഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ഒരു സാധ്യതാ പഠനം നടത്തുന്നതിന് ഡയറക്ടർ ബോർഡ് അംഗങ്ങളടങ്ങുന്ന ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം അനന്തരനടപടികളെപ്പറ്റി ആലോചിക്കുന്നതാണ്.

(2) കരിങ്കയത്ത് പാലം പണിയേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. കെ. പി. പത്മനാഭൻ : കഴിഞ്ഞ വർഷം മഴക്കാലത്ത് ഒലിച്ചുപോയ കണ്ണൂരിലെ ചപ്പാരപ്പടവിൽ കരിങ്കയം പാലത്തിന്റെ പണി ആർ.ഐ.ഡി.എഫ്. സ്കീമിൽപ്പെടുത്തി തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞെങ്കിലും ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. ഈ പാലം പണി ആരംഭിക്കാൻ അടിയന്തിര നിർദ്ദേശം നൽകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : കണ്ണൂർ ജില്ലയിലെ ചപ്പാരപ്പടവ് പഞ്ചായത്തിലെ കുപ്പമ്പുഴയ്ക്ക് കുറുകെയുള്ള

കരിങ്കയം പാലത്തിന്റെ നിർമ്മാണത്തിനായി ഏകദേശം മൂന്നര കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഇത് സംബന്ധിച്ച് ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ പ്രാരംഭ ചർച്ചകൾ നടത്തിയെങ്കിലും ഇത്രയും വലിയൊരു സംഖ്യ ചെലവഴിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിയാത്ത സാഹചര്യത്തിൽ ഏത് വിധത്തിലാണ് ഫണ്ട് കണ്ടെത്താൻ കഴിയുകയെന്ന കാര്യം ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളുമായി ആലോചിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി പാലം നിർമ്മാണത്തിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

(3). <u>മെഡിക്കൽ യൂണിവേഴ്സിറ്റി</u>

(പ്രസ്തുത വിഷയം സംബന്ധിച്ച് സർവ്വശ്രീ എ. സി. മൊയ്തീൻ, ബാബു എം. പാലിശ്ശേരി, ടി. എൻ. പ്രതാപൻ, എ. കെ. ചന്ദ്രൻ, രാജാജി മാത്യു തോമസ്, വി. എസ്. സുനിൽകുമാർ എന്നീ അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്).

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> സംസ്ഥാനത്ത് ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി എന്നത് വർഷങ്ങളായിട്ടുള്ള ആവശ്യമാണ്. ഭൂമിശാസ്ത്രപരമായ കിടപ്പ്, സ്ഥല വിസ്തൃതി, അനുകൂലമായ ഭൗതിക സാഹചര്യങ്ങൾ എന്നീ ഘടകങ്ങളാൽ അനുയോജ്യമായ തൃശൂരിൽ പ്രസ്തുത യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ.ശ്രീമതി ടീച്ചർ)</u> സംസ്ഥാനത്ത് ഒരു മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കണമെന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി

പ്രകടനപത്രികയിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനമാണ്. ഇതുസംബന്ധിച്ച ഡോ. ഇക്ബാൽ കമ്മിറ്റി റിപ്പോർട്ടും ആയൂർവേദ/ഹോമിയോ യൂണിവേഴ്സിറ്റി സംബന്ധിച്ച പഠന റിപ്പോർട്ടും വന്നിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഇതുസംബന്ധിച്ച് നയപരമായ തീരുമാനമെടുക്കുന്നമുറയ്ക്ക് ഏറ്റവും അനുയോജ്യമായ സ്ഥലത്ത് ഈ വർഷം തന്നെ മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കുന്നതാണ്.

(4) <u>മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം</u>

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ:</u> മദ്രാസ് ഐ.ഐ.ടി. വിഭാവനം ചെയ്ത മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിൽ വന്നിട്ടുള്ള അപാകതകൾ കാരണം മണ്ണ് അടിഞ്ഞ് പൊഴി മൂടുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. ഈ ഹാർബറിന്റെ പണി പൂർത്തിയാക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. എസ്. ശർമ്മ):</u> മുതലപ്പൊഴി ഫിഷിംഗ് ഹാർബറിന്റെ മാതൃകാപഠനം നടത്തുകയും പുലിമുട്ടുകളുടെ ദിശ നിർണ്ണയിക്കുകയും ചെയ്ത മദ്രാസ് ഐ.ഐ.ടി.യോട് മണ്ണ് അടിയുന്നതിന് പരിഹാരം നിർദ്ദേശിക്കാൻ ആവശ്യപ്പെടുകയും മദ്രാസ് ഐ.ഐ.ടി. വിദഗ്ദ്ധരുമായി ചീഫ് എഞ്ചിനീയർ (ഹാർബർ എഞ്ചിനീയറിംഗ്) 2-7-08-ൽ ചർച്ച നടത്താൻ തീരുമാനിച്ചിരിക്കുകയുമാണ്. സെൻട്രൽ വാട്ടർ ആൻഡ് പവ്വർ റിസർച്ച് സ്റ്റേഷനുമായി ബന്ധപ്പെട്ട് മണ്ണ് അടിയുന്നത് ഒഴിവാക്കാനുള്ള ശാശ്വത പരിഹാരം കണ്ടെത്തുകയും പ്രസ്തുത സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് ബ്രേക്ക് വാട്ടറിൽ ചില മാറ്റങ്ങൾ

നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. മദ്രാസ് ഐ.ഐ.ടി.യുടേയും സി.ഡബ്ല്യു.പി.ആർ.എസ്.ന്റെയും വിദഗ്ദ്ധ ഉപദേശം ലഭ്യമാകുന്ന മുറയ്ക്ക് പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കുകയും അഴിമുഖത്ത് ചാനൽ നിലനിർത്തുന്നതിനുള്ള ഏർപ്പാടുണ്ടാക്കുകയും ഈ സാമ്പത്തിക വർഷം തന്നെ ഈ ഹാർബറിന്റെ പണി പൂർത്തീകരിക്കാനുള്ള എല്ലാ ശ്രമവും സർക്കാർ തലത്തിൽ നടത്തുന്നതുമാണ്.

(5) <u>വേനൽ മഴയിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം</u>

<u>ശ്രീമതി. കെ.കെ. ഷൈലജ ടീച്ചർ</u>: പേരാവൂർ നിയോജക മണ്ഡലത്തിലെ അയ്യൻകുന്ന്, ആറളം, പായം പഞ്ചായത്തുകളിൽ കാലവർഷക്കെടുതിയിലും വേനൽക്കാറ്റിലും വേനൽ മഴയിലും പെട്ട് കൃഷിനാശമുണ്ടാകുകയും വീടുകൾ ഭാഗീകമായും പൂർണ്ണമായും നഷ്ടപ്പെടുകയും ചെയ്തവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും പൂർണ്ണമായും തകർന്ന റോഡ് നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ):</u> പേരാവൂർ നിയോജകമണ്ഡലത്തിൽ 2008-ലെ വേനൽ മഴയിൽ നെൽകൃഷി നശിച്ച 132 കർഷകർക്ക് 1,75,200 രൂപ വിതരണം ചെയ്യുകയും വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 18 കുടുംബങ്ങൾക്ക് 39,750 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വേനൽ മഴമൂലം സംസ്ഥാനത്തൊട്ടാകെയുണ്ടായ നാശനഷ്ടത്തിന് കേന്ദ്രസഹായം കിട്ടുന്നതിനായി ശക്തമായ സമ്മർദ്ദം ചെലുത്തിവരികയാണ്. ഉരുൾപൊട്ടൽപോലുള്ള കെടുതികളിലെ നാശനഷ്ടങ്ങൾ

കണക്കിലെടുത്ത് വയനാട്, ഇടുക്കി ജില്ലകളെ ഉൾപ്പെടുത്തിയ കൂട്ടത്തിൽ പേരാവൂർ മണ്ഡലത്തിലെ പ്രസ്തുത പ്രദേശങ്ങളേയും ഉൾപ്പെടുത്തി കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിക്ക് പ്രത്യേക സഹായത്തിനുള്ള പദ്ധതി സമർപ്പിച്ചിട്ടുണ്ട്. ആ സഹായം കിട്ടിയാൽ പുനരധിവാസമുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യാൻ കഴിയുന്നതാണ്.

(6) ചെന്നീർക്കര ഗവൺമെന്റ് ഐ.ടി.ഐ.യുടെ ശോച്യാവസ്ഥ

ശ്രീ. കെ. ശിവദാസൻ നായർ: ചെന്നീർക്കര ഗവൺമെന്റ് ഐ.ടി.ഐ.യുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും എൻ.ടി.പി.സി. യേയോ മറ്റേതെങ്കിലും സ്ഥാപനത്തേയോകൊണ്ട് ദത്തെടുപ്പിച്ച് പ്രസ്തുത സ്ഥാപനം നവീകരിച്ച് കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരമുണ്ടാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ചെന്നീർക്കര ഐ.ടി.ഐ. ഗ്രേഡ്-1 ആയി ഉയർത്തി രണ്ട് യൂണിറ്റുവീതമുള്ള 4 ട്രേഡുകൾ കൂടി ആരംഭിക്കാൻ തീരുമാനിച്ച് അംഗീകാരത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. പബ്ലിക്/ പ്രൈവറ്റ് പാർട്ട്ണർഷിപ്പ് പ്രകാരം മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് തെരഞ്ഞെടുക്കുന്ന 5 ഐ.ടി.ഐ.കളിൽ ചെന്നീർക്കര ഗവൺമെന്റ് ഐ.ടി.ഐ.യെ ഉൾപ്പെടുത്തുകയും പി.പി.പി. അനുസരിച്ച് ഇൻഡസ്ട്രിയൽ പാർട്ട്ണർഷിപ്പിന് എൻ.ടി.പി.സി. സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(7) ഇടമൺ സർവ്വീസ് സഹകരണ ബാങ്ക്

തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുണ്ടായ അക്രമം

ശ്രീ. കെ.ബി. ഗണേഷ് കുമാർ: 28-6-08-ന് ഇടമൺ സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന തെരഞ്ഞെടുപ്പിൽ പോലീസിന്റെ സാന്നിദ്ധ്യത്തിൽ വ്യാപകമായ അക്രമവും ഇലക്ഷൻ അട്ടിമറിക്കാനുള്ള ശ്രമവും നടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ.കോടിയേരി ബാലകൃഷ്ണൻ): 28-6-2008-ൽ കൊല്ലം ജില്ലയിലെ ഇടമൺ സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതിയിലേയ്ക്കു നടന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ബാലറ്റ് പേപ്പറിൽ തിരിമറി നടന്നതായി ആരോപിച്ച് അതിക്രമം കാണിക്കുകയും പോളിംഗ് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ തടസ്സം സൃഷ്ടിക്കുകയും ചെയ്ത കുറ്റക്കാരുടെ പേരിൽ തെന്മല പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യുകയും അവിടെ നിന്നും അഞ്ചൽ പോലീസ് സ്റ്റേഷനിൽ കൊണ്ടുവരികയും ചെയ്തു. ഇവരെ ജാമ്യത്തിൽ വിടാനുള്ള തുടർ നടപടികളുമായി മുന്നോട്ടു പോകവെ ഇതിൽ താമസം നേരിട്ടതിൽ പ്രതിഷേധിച്ച് ഒരു സംഘം ആളുകൾ പോലീസ് സ്റ്റേഷനിൽ നിന്നും പ്രതികളെ നിർബന്ധമായി മോചിപ്പിച്ചു കൊണ്ടുപോകുകയുണ്ടായി. ഈ സംഭവത്തിൽ 200 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് കസ്റ്റഡിയിൽ നിന്ന് മോചിപ്പിച്ചു കൊണ്ടുപോകുന്ന സ്ഥിതിവിശേഷം ഒരു കാരണവശാലും അനുവദിക്കുന്നതല്ല. ഇത്തരം

കുറ്റങ്ങൾ ചെയ്യുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

(8) ആംഗ്ലോ ഇൻഡ്യൻ കൾച്ചറൽ സെന്ററും അക്കാഡമിയും

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ സാംസ്ക്കാരിക തനിമ നിലനിർത്തുന്നതിന് കൊച്ചി ആസ്ഥാനമായി ഒരു ആംഗ്ലോ ഇന്ത്യൻ കൾച്ചറൽ സെന്ററും അക്കാഡമിയും സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ന്യൂനപക്ഷ സമൂദായങ്ങളുടെ കലയും സംസ്ക്കാരവും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതിന് സാംസ്ക്കാരിക വകുപ്പിനു കീഴിൽ പല അക്കാഡമികളും പ്രവർത്തിക്കുന്നുണ്ട്. ആംഗ്ലോ ഇന്ത്യൻ സമുദായത്തിന്റെ സാംസ്ക്കാരിക തനിമ കാത്തു സൂക്ഷിക്കാൻ കൊച്ചിയും സമീപ പ്രദേശങ്ങളും ബന്ധപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, സാംസ്ക്കാരിക വകുപ്പ് എന്നിവയെ സംയോജിപ്പിച്ച് കൊച്ചി ആസ്ഥാനമായി ഒരു ആംഗ്ലോ ഇന്ത്യൻ കൾച്ചറൽ സെന്ററും അക്കാഡമിയും സ്ഥാപിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(9) <u>പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയുടെ നവീകരണം</u>

<u>ശ്രീ. എ.പി. അനിൽ കുമാർ</u>: മെഡിക്കൽ-എൻജിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിൽ കാലാനുസൃതമായ മാറ്റം വരുത്തണം. പ്ലസ് ടൂവിനു കൂടുതൽ മാർക്കു വാങ്ങുന്ന കുട്ടികൾക്കു പ്രത്യേക പരിഗണന നൽകണം. സാമ്പത്തികമായ കാര്യങ്ങൾ പ്രവേശനത്തിനു മാനദണ്ഡമാക്കരുത്. പാവപ്പെട്ട കുട്ടികൾക്ക് പ്രവേശന പരീക്ഷാകോഴ്സുകളിൽ പങ്കെടുക്കുന്നതിനുള്ള അവസരം ഒരുക്കി ക്കൊടുക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u> മെഡിക്കൽ-എൻജിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുവേണ്ടി ശുപാർശ സമർപ്പിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. പ്രവേശന പരീക്ഷയുടെ 50 ശതമാനം മാർക്ക് വെയിറ്റേജ് കൊടുക്കാനും യോഗ്യതാ പരീക്ഷയുടെ മാർക്കിന് 50 ശതമാനം പരിഗണന കൊടുക്കാനും, പ്ലസ് ടു പരീക്ഷാ സംവിധാനം കുറ്റമറ്റതാക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് സ്വയം പരിശീലിക്കാൻ കഴിയുന്ന വിധത്തിൽ ഓൺലൈൻ ട്യൂട്ടോറിയൽ സർവ്വീസ് ഏർപ്പെടുത്തുന്നതിനും നിർദ്ധനരായ വിദ്യാർത്ഥികൾക്കുവേണ്ടി സ്കോളർഷിപ്പ് ഫണ്ട് രൂപവൽക്കരിക്കുന്നതിനും പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളൊഴികെയുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷ

എഴുതാനുള്ള അവസരങ്ങളുടെ എണ്ണം പരിമിതപ്പെടുത്താനും വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ ഈ ശുപാർശകൾ പരിശോധിച്ച് വിവിധ വകുപ്പുകളുമായി ചർച്ച ചെയ്ത് അന്തിമ തീരുമാനമെടുക്കും. പ്രൊഫഷണൽ കോളേജുകളിലേയ്ക്ക് അടുത്ത വർഷം പ്രവേശനം നടക്കുമ്പോൾ ഇക്കാര്യത്തിൽ അന്തിമമായി ഒരു തീരുമാനമെടുക്കാൻ കഴിയും. അതിനുവേണ്ടി ഗവൺമെന്റ് പരിശ്രമിക്കുന്നതാണ്.

(10) അങ്കമാലി റീജിയണൽ സെന്ററിന് ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം

ശ്രീ. ജോസ് തെറ്റയിൽ: സ്വാശ്രയ മേഖലയിൽ സ്കൂൾ ഓഫ് മെഡിക്കൽ എഡ്യുക്കേഷന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ച അങ്കമാലി റീജിയണൽ സെന്ററിലെ സെൽഫ് ഫിനാൻസ് നഴ്സിംഗ് സ്കൂളിൽ 30 കുട്ടികൾക്ക് പ്രവേശനം കൊടുത്തിരുന്ന സ്ഥലത്ത് 2004 ബാച്ചിൽ 50 കുട്ടികൾക്ക് പ്രവേശനം നൽകിയതിന്റെ ഫലമായി ഈ കുട്ടികൾക്ക് ഇപ്പോൾ പരീക്ഷ എഴുതാൻ കഴിയാതെ വന്നിരിക്കുകയാണ്. ഈ കുട്ടികൾ പരീക്ഷയെഴുതി പാസ്സായാൽത്തന്നെ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം കിട്ടില്ല. ഈ കുട്ടികൾക്ക് പരീക്ഷ എഴുതുന്നതിനും ഈ സെന്ററിന് അംഗീകാരം നൽകുന്നതിനുമുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): എ.ജി.യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് എഡ്യൂക്കേഷന്റെ കീഴിൽ അങ്കമാലി റീജിയണൽ സെന്ററിൽ 1993-ൽ 30 സീറ്റോടുകൂടി

ആരംഭിച്ച സെൽഫ് ഫിനാൻസിംഗ് നഴ്സിംഗ് കോളേജിന് 2001-ലാണ് കേരളാ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചത്. ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അനുവദിച്ച 30 സീറ്റ് 50 സീറ്റാക്കി വർദ്ധിപ്പിക്കാൻവേണ്ടി യൂണിവേഴ്സിറ്റി 2006-ൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന് അപേക്ഷ നൽകിയെങ്കിലും സ്ഥലപരിമിതി കാരണം അംഗീകാരം ലഭിക്കുകയുണ്ടായില്ല. ഇവിടെ 50 കുട്ടികളെ പഠിപ്പിക്കാനുള്ള സൗകര്യം ലഭ്യമാക്കേണ്ടതും ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം നേടേണ്ടതും കോളേജ് അധികൃതരും യൂണിവേഴ്സിറ്റിയുമാണ്. അത് ലഭിച്ചതിനുശേഷം മാത്രമേ കേരള നഴ്സസ്സ് ആന്റ് മിഡ്വൈവ്സ് കൗൺസിലിനു നടപടി സ്വീകരിക്കുവാൻ നിർവ്വാഹമുള്ളൂ. ഇതിനുപുറമെ 2004-ൽ 20 കുട്ടികൾക്ക് അധികമായി പ്രവേശനം നൽകിയതിനെ സംബന്ധിച്ച് പരിശോധന നടത്തുന്നതാണ്. ഇത് കുട്ടികളുടെ ഭാവിയെ ബാധിക്കുന്ന പ്രശ്നമായതിനാൽ പരീക്ഷ എഴുതുന്ന കാര്യത്തെ സംബന്ധിച്ച് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(11) <u>നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമനിധി ഓഫീസ് മാർച്ച്</u>

<u>ശ്രീ. കെ. ബാബു:</u> നിർമ്മാണത്തൊഴിലാളി പെൻഷൻ 250 രൂപയിൽ നിന്നും 500 രൂപയാക്കി വർദ്ധിപ്പിക്കുക, നിറുത്തലാക്കിയ ഭവനനിർമ്മാണ വായ്പാ പദ്ധതി പുന:സ്ഥാപിക്കുക, മരണാനന്തര സഹായനിധി 15,000 രൂപയിൽ നിന്നും 25,000 രൂപയാക്കി വർദ്ധിപ്പിക്കുക, സെസ് കുടിശ്ശിക പിരിച്ചെടുക്കുക, ക്ഷേമനിധി ബോർഡിന്റെ കേന്ദ്ര ഓഫീസിൽ കെട്ടിക്കിടക്കുന്ന പെൻഷൻ

ഫയലുകളിലും മരണാനന്തര സഹായപദ്ധതി പ്രകാരമുള്ള ഫയലുകളിലും അടിയന്തിരമായി തീർപ്പു കൽപ്പിക്കുക, ആനുകൂല്യങ്ങൾക്കുള്ള അപേക്ഷയും പുതിയ അംഗത്വത്തിനു രജിസ്ട്രേഷൻ നൽകുന്നതിൽ നിലനിൽക്കുന്ന രാഷ്ട്രീയ വിവേചനവും അവസാനിപ്പിക്കുക, ക്ഷേമനിധി ബോർഡ് പാസ്സാക്കി ഗവൺമെന്റിന്റെ അംഗീകാരത്തിനു അയച്ചിട്ടുള്ള തീരുമാനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുക, ബോർഡ് തീരുമാനിക്കാത്ത കാര്യങ്ങളിൽ ഉടൻ തീരുമാനമുണ്ടാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ബിൽഡിംഗ് ആന്റ് റോഡ് വർക്കേഴ്സ് ഫെഡറേഷൻ ഇന്ന് നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വെൽഫെയർ ബോർഡ് ഓഫീസിലേയ്ക്കു മാർച്ച് നടത്തുകയാണ്. ഇക്കാര്യങ്ങളിൽ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ) :</u> ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ജോലിക്കിടയിൽ മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് നൽകിവന്നിരുന്ന ധനസഹായം ഒരു ലക്ഷം രൂപയിൽ നിന്ന് രണ്ട് ലക്ഷം രൂപയായും അപകട ചികിൽസാ ധനസഹായം 10,000 രൂപയിൽ നിന്ന് 20,000 രൂപയായും മാരകരോഗ ചികിൽസാ ധനസഹായം 2000 രൂപയിൽ നിന്ന് 20,000 രൂപയായും അപകടത്തെത്തുടർന്ന് അവശതയനുഭവിക്കുന്നവർക്ക് നൽകിയിരുന്ന ധനസഹായം 50,000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. ഗ്രാറ്റു

വിറ്റി പുന:സ്ഥാപിക്കുന്നതിനാവശ്യമായ നിയമ ഭേദഗതി വരുത്താൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതാണ്. നിർമ്മാൺ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. നിർമ്മാണത്തൊഴിലാളി ക്ഷേമനിധിയിൽ 20 ശതമാനത്തിലധികം കൃത്രിമഅംഗത്വമുള്ളതിനാൽ അത് പരിഹരിക്കുന്നതിന് ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. സെസ്സ് പിരിവ് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(12) <u>റോഡ് കുഴിച്ചിട്ടിരിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ</u>

<u>ശ്രീ. പി.എം.എ സലാം</u> : ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കുഴിച്ചിട്ടിരിക്കുന്ന കോഴിക്കോട് നഗരത്തിലെ റോഡുകൾ ഗതാഗതയോഗ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി <u>(ശ്രീ. മോൻസ് ജോസഫ്) :</u> സംസ്ഥാനത്തൊട്ടാകെ നിലനിൽക്കുന്ന ഒരു പ്രശ്നമാണിത്. ജെ.ബി.ഐ.സി പദ്ധതി പ്രകാരം കോഴിക്കോട് നഗരത്തിൽ 40 കിലോമീറ്റർ ദൈർഘ്യത്തിലുള്ള പൊതുമരാമത്തു റോഡിൽ പൈപ്പിട്ടതിൽ 17.8 കിലോമീറ്റർ റോഡാണ് പി.ഡബ്ള്യൂ.ഡി-യെ തിരികെ ഏൽപ്പിച്ചിട്ടുള്ളത്. അതിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിനായി 12 വർക്കുകൾക്ക് ടെന്റർ നൽകിയിട്ടുണ്ട്. പൈപ്പ് ലൈൻ ഇട്ട് ടെസ്റ്റ് പൂർത്തിയാക്കിയതിനു ശേഷമേ പി.ഡബ്ള്യു.ഡി-ക്ക് ടാറിംഗ് ജോലി നടത്താൻ സാധിക്കുകയുള്ളു. സംസ്ഥാന തലത്തിൽ റിവ്യൂ നടത്തി ഒട്ടുമിക്ക പ്രശ്നങ്ങളും പരിഹരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പ്രശ്നങ്ങളും എത്രയും വേഗം പരിഹരിക്കുന്നതാണ്.

(13) <u>കോട്ടയ്ക്കലിൽ ആയുർവ്വേദ സർവ്വകലാശാല</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : കോട്ടയ്ക്കലിൽ ഒരു ആയ്യുർവേദ സർവ്വകലാശാല സ്ഥാപിക്കണമെന്നുള്ളത് പതിറ്റാണ്ടുകളായുള്ള ആവശ്യമാണ്. നിലവിലുള്ള രണ്ട് പി.ജി. കോഴ്സുകൾക്ക് പുറമെ മൂന്നു പി.ജി. കോഴ്സുകൾ കൂടി ഇപ്പോൾ അവിടെ അനുവദിച്ചിട്ടുണ്ട്. ഇതിനെ ഒരു സെന്റർ ഓഫ് എക്സലൻസാക്കാൻ കേന്ദ്ര ഗവൺമെന്റ് ഒരു കോടി രൂപ നൽകിയിരുന്നു. അവിടെ ഒരു ആയൂർവ്വേദ സർവ്വകലാശാലയ്ക്ക് ആവശ്യമായ സ്ഥലം ജില്ലാ പഞ്ചായത്ത് തരാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ ശ്രീമതി ടീച്ചർ) :</u> കേരളത്തിലെ ഏറ്റവും പ്രശസ്തമായ കോട്ടയ്ക്കൽ ആയുർവ്വേദ കോളേജ് ഒരു സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുന്നതിനുവേണ്ടി പി.ജി. കോഴ്സുകൾ ആദ്യം തുടങ്ങണമെന്ന ആവശ്യം അംഗീകരിക്കുകയും രണ്ട് വർഷമായി പി.ജി. കോഴ്സുകൾ നടത്തി വരികയുമാണ്. ഈ വർഷം മൂന്ന് പി.ജി കോഴ്സുകൾക്കുകൂടി ഗവൺമെന്റ് എൻ.ഒ.സി കൊടുത്തിട്ടുണ്ട്. പ്രസ്തുത ബിരുദാനന്തര ബിരുദ കോഴ്സുകൾകൂടി ആരംഭിക്കുന്ന മുറയ്ക്ക് കോട്ടയ്ക്കൽ ആയുർവ്വേദ കോളേജ് ഒരു സെന്റർ ഓഫ് എക്സലൻസായി മാറ്റാൻ സാധിക്കും. സെന്റർ ഓഫ് എക്സലൻസാക്കി മാറ്റിയതിനുശേഷം മാത്രമേ ഡീംഡ് യൂണിവേഴിസിറ്റിയായി മാറ്റാൻ സാധിക്കുകയുള്ളു. കോട്ടയ്ക്കൽ ആയുർവ്വേദ കോളേജ് ഒരു ഡീംഡ് യൂണിവേഴ്സിറ്റി പദവിയിലേയ്ക്ക് ഉയർത്തുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

(14) സ്ട്രീറ്റ് ലൈറ്റുകളുടെ റിപ്പയർ ജോലി

ശ്രീ. എം.എം. മോനായി : സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കും വേണ്ട തുക തദ്ദേശഭരണ സ്ഥാപനങ്ങൾ കെ. എസ്.ഇ.ബി-യിൽ അടയ്ക്കുന്നുണ്ട്. ഇപ്പോൾ കെ.എസ്.ഇ.ബി ഇത്തരം ജോലി കരാർ വ്യവസ്ഥയിലാണ് ചെയ്യിക്കുന്നത്. കരാറുകാർ യഥാസ മയം പണികൾ ചെയ്യുന്നില്ല. ബോർഡിന്റെ അനുവാദത്തോടുകൂടി ഇത്തരം റിപ്പയർ ജോലി നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ. ബാലൻ) : സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾക്ക് വേണ്ട സ്പെയർ പാർട്ട്സുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകുന്ന മുറയ്ക്ക് ആ ജോലി വൈദ്യുതി ബോർഡ് ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാത്രമേ അതു നിർവ്വഹിക്കാൻ പാടുള്ളു ഈ വ്യവസ്ഥയ്ക്കു വിധേയമായി കോട്ടയം, തിരുവല്ല മുനിസിപ്പാലിറ്റി കൾക്ക് സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. ബോർഡ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ നടത്താൻ സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അനുവാദം നൽകുന്നതാണ്.

(15) പൊൻമുടി പ്രദേശത്തെ തരിശ് ഭൂമിയിൽ മാവുകൃഷി

ശ്രീമതി ജെ. അരുന്ധതി :വാമനപുരം മണ്ഡലത്തിലെ പൊൻമുടി പ്രദേശത്ത് 100 ഏക്കർ ഗവൺമെന്റ് ഭൂമിയിൽ വിവിധ ഇനം മാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : പൊൻമുടി യിലെ 100 ഏക്കർ ഭൂമി റവന്യൂ വകുപ്പിന്റെ കൈവശമുള്ളതാണ്. അത് കൃഷി വകുപ്പിന് കൈമാറിക്കിട്ടിയാൽ അവിടെ മാതൃകാ മാവിൻ തോട്ടം നിർമ്മിക്കുന്നതിനു വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കാം

(16) മരാമത്ത് വർക്കുകളുടെ നിരക്കുകൾ പുതുക്കി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത

ശ്രീമതി പി. അയിഷാ പോറ്റി : നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവുമായി ബന്ധപ്പെട്ട് മെറ്റീരിയൽ കമ്പോണന്റ് റേറ്റ് റിവൈസ് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ലേബർ കമ്പോണന്റ് കൂടി റിവൈസ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്) : റേറ്റ് 1-4-2007-ലും 1-4-2008-ലും പുതുക്കി നിശ്ചയിക്കുകയുണ്ടായി. ഓരോ ജില്ലയിലും വ്യത്യസ്ത നിരക്കുകൾ നിലനിന്നിരുന്നതുകൊണ്ട് 1-4-2008 -ൽ നിരക്ക് പുതുക്കി സിശ്ചയിച്ചപ്പോൾ ലേബർ ചാർജ്ജ് പുതുക്കി നിശ്ചയിക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ തൊഴിലാളികളുടെ കൂലി നിരക്ക് 140 രൂപയിൽ നിന്ന് 170 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് എം.എൽ.എ. വർക്കുകൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ നാൽപത്തിയാറു മുതൽ അൻപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

**ധനകാര്യം**

. 2008-2009 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ജല വിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ പ്രേമചന്ദ്രൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XX- ശുദ്ധജല വിതരണവും ശുചീകരണവും (786,27,32,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXVIII -ജലസേചനം (235,24,60,000 രൂപ)

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.ബിനോയ്‌വിശ്വം) : താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXI - ഭവനനിർമ്മാണം (96,42,89,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXXIV- വനം (141,78,00,000 രൂപ)

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : പ്രമേയങ്ങളെ പിൻതാങ്ങുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയേയും ജലസേചനം എന്ന -XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച് ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ. എം.എ വാഹീദ്, ബി. ബാബു പ്രസാദ്, സി.പി. മുഹമ്മദ്, കെ. ബാബു, കെ. ശിവദാസൻ നായർ, അടൂർ പ്രകാശ്, ജി. കാർത്തികേയൻ, തോമസ് ചാഴികാടൻ, വി.കെ. ഇബ്രാഹിം കുഞ്ഞ്. എം. ഉമ്മർ, അബ്ദുറഹിമാൻ രണ്ടത്താണി, സി.ടി. അഹമ്മദ് അലി, പി.കെ. അബ്ദുറബ്ബ്, കെ.കെ. ഷാജു, ജോസഫ് എം. പുതുശ്ശേരി, ജോർജ് മേഴ്സിയർ, പ്രൊഫ. എൻ. ജയരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. എം..എ വാഹീദ് : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇ.എം.എസ്. പാർപ്പിട പദ്ധതി പ്രകാരം ബഡ്ജറ്റിൽ നീക്കി വച്ചിരുന്ന 17.5 കോടി രൂപ വകമാറ്റി ചെലവഴിച്ചിരിക്കുന്നു. 1972-ൽ ആരംഭിച്ച ലക്ഷം വീട് പദ്ധതി കോൺഗ്രസ്സ് ഗവൺമെന്റ് കൊണ്ടുവന്നതാണ്. അതുപോലെ ഐ.എ.വൈ. പദ്ധതി രാജീവ് ഗാന്ധി ഗവൺമെന്റ് കൊണ്ടുവന്നതാണ്. എസ്.സി/എസ്.ടി ഭവനനിർമ്മാണ പദ്ധതി, കർഷകത്തൊഴിലാളികൾക്കു വേണ്ടി ഫാം ഹൗസ്, മൽസ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള മൽസ്യ ഭവന പദ്ധതി തുടങ്ങിയ പദ്ധതികളെല്ലാം കോൺഗ്രസ്സ് സർക്കാർ കൊണ്ടുവന്നതാണ്. മൈത്രി ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി ഹഡ്കോയിൽനിന്നെടുത്ത

കോടിക്കണക്കിന് രൂപ ഭവന നിർമ്മാണ ബോർഡ് ഫലപ്രദമായി വിനിയോഗിക്കാത്തതിനാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കിയ പ്രസ്തുത പദ്ധതി തകർന്നിരിക്കുകയാണ്. തണൽ, സുരക്ഷാ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. പാവപ്പെട്ടവർക്കുവേണ്ടി പുതിയ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ ഭവന നിർമ്മാണ ബോർഡ് കടക്കെണിയിലായിരിക്കുകയാണ്. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിത്തുക വകമാറ്റി ലക്ഷംവീട് പുനരുദ്ധാരണത്തിനായി ചെലവഴിച്ചിരിക്കുകയാണ്. തിരുവനന്തപുരം നഗരത്തിലെ ശുദ്ധജല വിതരണ പൈപ്പുകൾ അടിക്കടി പൊട്ടുന്നത് മാറ്റിസ്ഥാപിക്കാൻ ആവശ്യമായ പണം കണ്ടെത്തണം. ചാനലുകളും തോടുകളും കയ്യേറി നീരൊഴുക്ക് തടസ്സപ്പെടുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം. തെക്കിനിക്കര കനാൽ വിപുലീകരിച്ച് നീരൊഴുക്ക് തടയുന്നതിനെ നിയന്ത്രിച്ച് തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കത്തിന് പരിഹാരമുണ്ടാക്കണം. കുടിവെള്ള പദ്ധതികൾ പഞ്ചായത്തുകളെ ഏൽപിക്കുന്നതുമൂലം ജനങ്ങൾക്ക് കുടിവെള്ളം കിട്ടാത്ത സ്ഥിതിവിശേഷമുണ്ടാകുമെന്നതിനാൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനം ചരിത്രത്തിലെ ഏറ്റവും വലിയ വരൾച്ചയെ നേരിടാൻ പോകുന്ന സാഹചര്യത്തിൽ ജലസംഭരണികളിൽ വെള്ളം കെട്ടിനിറുത്താൻ സംവിധാന മുണ്ടാക്കുകയും അതിനാവശ്യമായ പദ്ധതികൾക്ക് പണം കണ്ടെത്തുകയും വേണം.

<u>ശ്രീ.സി.എം. ദിനേശ്മണി</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജലസേചന വകുപ്പ് വളരെ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമായി ഹഡ്കോ പദ്ധതി നിർവ്വഹണ ഘട്ടത്തിലെത്തിക്കാൻ സാധിച്ചു. കഴിഞ്ഞ രണ്ടു വർഷക്കാലത്തിനുള്ളിൽ 33 വൻകിട പദ്ധതികളും 143 ശുദ്ധജല വിതരണ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. അഴിമതിയുടെ കൂത്തരങ്ങായിരുന്ന ജലസേചന വകുപ്പിനെ വളരെ സുതാര്യമായ പ്രവർത്തനങ്ങളിലൂടെ കാര്യക്ഷമമാക്കാൻ കഴിഞ്ഞു. 124 എൻ.സി.പി.സി. പദ്ധതികൾക്ക് ഗവൺമെന്റ് അനുമതി നൽകുകയും ആദ്യപടിയായി പൈപ്പ് ഇടാൻവേണ്ടി ടെണ്ടർ ചെയ്യുകയും ചെയ്തു. 479 ഗ്രാമീണ അംഗൻവാടി സ്കൂളുകൾക്കുവേണ്ടിയുള്ള ജലവിതരണ പദ്ധതിക്ക് തുടക്കം കുറിച്ചു. ടി.ആർ.പി.യിൽ ഉൾപ്പെടുത്തി 9 ജില്ലകളിൽ 68 കോടി രൂപയുടെ പദ്ധതികൾ ആവിഷ്ക്കരിച്ച് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. JNNURM (Jawaharlal Nehru National Urban Renewal Mission) പദ്ധതിവഴി തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മലിനജല നിർമ്മാർജ്ജന-കുടിവെള്ള പദ്ധതികൾ കാര്യക്ഷമമായി അംഗീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും അവ അപര്യാപ്തമായതിനാൽ മലിനജല സംസ്ക്കരണത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് കൂടുതൽ താല്പര്യം കാണിക്കണം. സ്വീവറേജ് ട്രീറ്റ്മെന്റ് പ്ളാന്റിന് പരിഗണന കൊടുക്കുകയും

ആവശ്യമായ ഫണ്ട് മാറ്റിവയ്ക്കുകയും ചെയ്യണം. മനുഷ്യ മാലിന്യസംസ്ക്കരണത്തിന് സംവിധാനം ഏർപ്പെടുത്തണം. ജലനിധി പദ്ധതി കാര്യക്ഷമമായിത്തീർത്തതിനു പിന്നിൽ പ്രവർത്തിച്ച മുഴുവൻ ജീവനക്കാരേയും സംരക്ഷിക്കണം. കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ ഫലപ്രദമല്ലാത്തതിനാൽ മറ്റ് രാജ്യങ്ങളിലെ പ്രവർത്തനങ്ങളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തി ആധുനിക രീതിയിൽ കടൽഭിത്തി കെട്ടിയും ദൈർഘ്യമേറിയ പുലിമുട്ടുകൾ സ്ഥാപിച്ചും തീരശോഷണം തടയണം.

ശ്രീ. സി.ടി. അഹമ്മദ് അലി: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിലെ ഭൂരിഭാഗം സ്ഥലങ്ങളിലും ശുദ്ധജലം ലഭ്യമാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. രൂക്ഷമായ ജലക്ഷാമം ഭാവിയിൽ ഉണ്ടാകുമെന്ന മുന്നറിയിപ്പ് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് എല്ലാ സ്ഥലങ്ങളിലും കുടിവെള്ളമെത്തിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാനും അവ സമയബന്ധിതമായി പൂർത്തിയാക്കാനും മുൻഗണന നൽകണം. നദികളാൽ സമൃദ്ധമായ കേരളത്തിൽ ദാഹജലത്തിനും ജലസേചനത്തിനും വെള്ളമില്ലാതെ നെട്ടോട്ടമോടുന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്. ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനം കൊണ്ടുമാത്രമേ പദ്ധതികൾ ആവിഷ്കരിക്കാനും ആസൂത്രിതമായി നടപ്പിലാക്കാനും സാധിക്കുകയുള്ളൂ. നദികളെ പൂർണ്ണമായും ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ ജലക്ഷാമം പരിഹരിക്കണം. ആയിരക്കണക്കിനുവരുന്ന തോടുകളേയും കൈത്തോടുകളേയും സംരക്ഷിക്കുകയും പുനരുദ്ധരിക്കുകയും ചെയ്യണം. മുടങ്ങിക്കിടന്നതും മന്ദഗതിയിലുള്ളതുമായ പദ്ധതികൾ

സമയബന്ധിതമായി പൂർത്തീകരിക്കാനും പുതിയവ ആവിഷ്ക്കരിക്കാനും നടപടി സ്വീകരിക്കണം. കേരള വാട്ടർ അതോറിറ്റിയുടെ സ്വജൽധാരാ പദ്ധതി, 633 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ, വിവിധ വകുപ്പുമുഖേനയുള്ള 1155 ഡെപ്പോസിറ്റ് വർക്കുകൾ, സുനാമി ദുരിതാശ്വാസ പദ്ധതികൾ, ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി തുടങ്ങിയവ നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കണം. സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനത്തിനും ശുചിത്വപരിപാലനത്തിനും മറ്റുമായി മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. സാങ്കേതിക കാരണങ്ങളാൽ നിറുത്തിവച്ച കാസർഗോഡ് ജില്ലയിലെ ബായിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി സമയബന്ധിതമായി പൂർത്തീകരിക്കണം. വെള്ളക്കരം വർദ്ധിപ്പിക്കുന്ന ഗവൺമെന്റ്നടപടി ഉപേക്ഷിക്കണം. ജല നികുതി, വൈദ്യുതി നികുതി, വില്പന നികുതി എന്നിവ പിരിച്ചെടുക്കാൻ കർശന നടപടി സ്വീകരിക്കണം. ലോകബാങ്കിന്റേയും മറ്റ് ഏജൻസികളുടേയും സഹായത്തോടെ അടിയന്തിരമായി മാസ്റ്റർപ്ലാൻ തയ്യാറാക്കി തീരദേശ സംരക്ഷണത്തിനും കടൽഭിത്തി നിർമ്മാണത്തിനും ആവശ്യമായ നടപടി സ്വീകരിക്കണം. ഭൂ മാഫിയയുടെ കയ്യിലുള്ള വനഭൂമി സംരക്ഷിക്കണം. വനംവകുപ്പും വിവിധ വകുപ്പുകളും കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് കണ്ടൽക്കാടുകളും കാറ്റാടി മരങ്ങളും വച്ചുപിടിപ്പിച്ച് തീരദേശം സംരക്ഷിക്കണം. ഹൗസിംഗ് ബോർഡ് മുഖേനയുള്ള വായ്പ

പുന:സ്ഥാപിക്കുകയും വൺടൈം സെറ്റിൽമെന്റ് സ്കീം നടപ്പിലാക്കുകയും വേണം.

ശ്രീ. ബാബു പോൾ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ വളർച്ചയ്ക്ക് അടിത്തറ പാകിയത് 1957-ലെ ഇ.എം.എസ്. ഗവൺമെന്റായിരുന്നു. ജല ആവശ്യങ്ങൾ നിറവേറ്റുന്നതിൽ സമഗ്രവും ശാസ്ത്രീയവുമായ നിരവധി നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ചെറുതും വലുതുമായ 143 പദ്ധതികൾ ഇതിനോടകം കമ്മീഷൻ ചെയ്തു കഴിഞ്ഞിട്ടുണ്ട്. ജലനിധി പദ്ധതി പ്രകാരം നാലര ലക്ഷം ആളുകൾക്ക് ശുദ്ധജലം എത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മഴവെള്ള സംഭരണത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വിദ്യാലയങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും ജലസംഭരണികൾ സ്ഥാപിക്കുന്നതിനും കേന്ദ്രഗവൺമെന്റിന്റെ ത്വരിത ഗ്രാമീണ ജലവിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി 260 കോടി രൂപയുടെ പദ്ധതികൾക്ക് പുതിയതായി അനുമതി നേടുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഫണ്ട് ലഭ്യമല്ലാത്തതിനാൽ എൽ.ഐ.സി.യുടെ സഹായത്തോടെയുള്ള നിരവധി പദ്ധതികളുടെ അവസ്ഥ ശോചനീയമാണ്. 750 കോടി രൂപയുടെ 'സ്പാൻ' പദ്ധതികൾ അനുമതിക്കായി സമർപ്പിക്കപ്പെട്ടു. കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജസ് ആക്ട് കാലാനുസൃതമായി പരിഷ്ക്കരിക്കുവാനും ജലത്തിന്റെ ദുരുപയോഗം തടയുവാനും ജല സംരക്ഷണം ശക്തമാക്കാനും വെള്ളക്കരം കുടിശ്ശിക പിരിക്കുന്ന കാര്യത്തിൽ

ശക്തമായ നടപടി സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. മന്ത്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച അദാലത്തുകൾ ജനങ്ങളിൽ ആവേശമുണ്ടാക്കിയിട്ടുണ്ട്. 281 കോടി രൂപ റവന്യൂ സമാഹരണത്തിന് ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത് 303 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞത് ചരിത്രത്തിലെ ആദ്യ സംഭവമാണ്. മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ സംസ്ഥാനത്തിനനുകൂലമായ വാദഗതികൾ സമർപ്പിച്ചു. വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഡാം സേഫ്റ്റി അതോറിറ്റി പുന:സംഘടിപ്പിക്കുകയും മുടങ്ങിക്കിടന്നിരുന്ന ഒട്ടേറെ ജലസേചനപദ്ധതികൾ പുനരാരംഭിക്കുകയും ചെയ്തു.. വൻകിട ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെറുകിട ജലസേചന പദ്ധതികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യണം. പ്രകൃതിദത്തമായ ജലസ്രോതസ്സുകൾ സംരക്ഷിക്കണം. ജലലഭ്യതയും ഉപയോഗവും വ്യക്തമാക്കുന്നതിന് ജലവിഭവ റിപ്പോർട്ട് തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഓരോ പ്രദേശത്തിനും അനുയോജ്യമാംവിധം ശുദ്ധജല വിതരണ/ജലസേചന പദ്ധതികൾ തുടങ്ങുകയും വേണം. .വർഷങ്ങൾക്കു മുമ്പാരംഭിച്ച ജലസേചന വിതരണ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള ജി.ഐ. പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കാൻ ഒരു റീവാമ്പിങ്ങ് പ്രോഗ്രാം ആവിഷ്ക്കരിക്കണം. വെള്ളക്കരം അടയ്ക്കുന്നതിനുവേണ്ടി കൂത്താട്ടുകുളത്ത് ഒരു റവന്യൂ കളക്ഷൻ സെന്റർ ആരംഭിക്കണം.

<u>പ്രൊഫ. എൻ. ജയരാജ്: </u>ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ വറ്റിവരണ്ട ജലാശയങ്ങൾ ജലസ്രോതസുകളാക്കി

മാറ്റാനുള്ള നടപടികൾ സ്വീകരിക്കണം. കേരളത്തിൽ ഒരു വർഷം ലഭിക്കുന്ന മഴവെള്ളത്തിന്റെ അറുപത് ശതമാനവും പാഴായിപ്പോവുകയാണ്. ജലചൂഷണം മൂലം നിള, മണിമലയാർ തുടങ്ങി സംസ്ഥാനത്തെ എല്ലാ നദികളും വറ്റിവരണ്ടുകൊണ്ടിരിക്കുകയാണ്. ഇൻഡ്യ ഉൾപ്പെടെ ലോകത്തെ എല്ലാ രാജ്യങ്ങളിലും 2025-ഓടെ ജലക്ഷാമം രൂക്ഷമാകുമെന്നാണ് ഇന്റർനാഷണൽ വാട്ടർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു പഠനം വെളിപ്പെടുത്തുന്നത്. ഇൻഡ്യയിൽ ആളോഹരി ജലലഭ്യത കുറഞ്ഞുവരികയാണ്. ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പുതിയ തലമുറയിൽ ശക്തമായ അവബോധം സൃഷ്ടിക്കണം. നദികൾ മലിനീകരിക്കുന്നതിനെതിരെ ജനകീയ മുന്നേറ്റമുണ്ടാകണം. മുടങ്ങി ക്കിടക്കുന്ന ഒട്ടനവധി പദ്ധതികൾ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെ ടുത്ത് ഇംപ്ലിമെന്റേഷൻ സ്റ്റേജിലെത്തിച്ചത് സ്വാഗതാർഹമാണ്. എസ്റ്റി മേറ്റുകൾ യാഥാർത്ഥ്യബോധത്തോടുകൂടി തയ്യാറാക്കുകയും പദ്ധ തികൾ പൂർത്തീകരിക്കുന്നതിനെടുക്കുന്ന സമയപരിധി കുറയ്ക്കുകയും ചെയ്യണം. എ.എസ്-ഉം ടി.എസ്-ഉം നൽകുന്ന കാര്യത്തി ലുൾപ്പെടെയുള്ള കാലതാമസം ഒഴിവാക്കുന്നതിന് കേരള വാട്ടർ അതോ റിറ്റിയിൽ ഡീസെൻട്രലൈസേഷൻ നടപ്പിലാക്കാനുള്ള നടപടി സ്വീകരി ക്കണം. കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടും നബാർഡിന്റെ ഫണ്ടും ഉപ യോഗിച്ച് സംസ്ഥാനത്ത് കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ഈ രംഗത്ത് സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റിന് പ്രാധാന്യം നൽകണം.

<u>ശ്രീ. ബി.ഡി ദേവസ്സി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലക്ഷം വീട് പദ്ധതിയിൽപ്പെട്ട ഇരട്ട വീടുകൾ ഒറ്റ വീടാക്കി മാറ്റാനും

അറ്റകുറ്റപ്പണികൾ നടത്താനും ഗവൺമെന്റിൽ നിന്നുള്ള പണത്തിനു പുറമേ ലോട്ടറി വിൽപ്പന നടത്തിയും സന്മനസ് ഉള്ളവരിൽ നിന്ന് സഹായം സ്വീകരിച്ചും പണിചെയ്യുന്നതിന് മുൻകയ്യെടുക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുകയാണ്. അനധികൃത വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും വനം വകുപ്പ് അഴിമതിവിമുക്തമാക്കാനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി ഇപ്പോൾ ചന്ദനമോഷണം നടക്കുന്നില്ല. വനവിസ്തൃതി വർദ്ധിപ്പിക്കാൻ സാധിച്ചു. അനധികൃത വനം കയ്യേറ്റങ്ങൾ തടയുന്നതിനും പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിക്കും. ശരിയായ ജലനയം തുടരുന്നതുകൊണ്ട് ജല സംരക്ഷണം, വിതരണം, വിനിയോഗം എന്നിവയിൽ കാര്യമായ മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ജല മാനേജുമെന്റിന് വളരെ വൈദഗ്ദ്ധ്യത്തോടുകൂടിയുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. ആണവ സഹകരണ കരാറുണ്ടാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് വാശി കാണിക്കുന്നത് ശരിയല്ല.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ നാട്ടിൽ ദിനംപ്രതി ശുദ്ധജലത്തിന്റെ ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള ശാസ്ത്രീയമായ സംവിധാനത്തിന്റെ കുറവ് പരിഹരിക്കണം. നദികളെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വൻകിട പദ്ധതികൾ ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും അവ പൂർത്തീകരിക്കാൻ കഴിയാത്തതിന് കാരണമെന്താണെന്ന് ആലോചിക്കണം. എസ്റ്റിമേറ്റിലും ഇരട്ടിയിലധികം തുക ചെലവഴിച്ചിട്ടും ചില പദ്ധതികൾ പാർഷ്യലായിട്ടുപോലും കമ്മീഷൻ

ചെയ്യാൻ സാധിക്കാത്ത അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. 1993-ൽ ആരംഭിച്ച കോതകുളങ്ങര നോർത്ത് പദ്ധതി 17 കോടി രൂപയുടെ നബാർഡ് സ്കീമിലുൾപ്പെടുത്തി നടപ്പിലാക്കാൻ ശ്രമിക്കുന്നതിൽ മന്ത്രിയെ അഭിനന്ദിക്കുന്നു. കേരളത്തിൽ ഇത്തരത്തിൽ മുടങ്ങിക്കിടന്ന 700 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത് അഭിനന്ദനാർഹമാണ്. വികസന കാര്യങ്ങൾ രാഷ്ട്രീയത്തിനതീതമായി ചെയ്യേണ്ടതാണ്. 50 വർഷത്തിലേറെ പഴക്കംചെന്ന പദ്ധതികൾ നവീകരിക്കാൻ തയ്യാറായത് സ്വാഗതാർഹമാണ്. യഥാസമയം യഥാ രീതിയിൽ നടത്തേണ്ട കാര്യങ്ങൾ നടത്താനും കോടതികളിൽ കൊടുക്കേണ്ട രേഖകൾ സമർപ്പിക്കാനും മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇപ്പോൾ സാധിക്കുന്നുവെന്നത് വ്യത്യസ്തമായ കാര്യമാണ്. ചാലക്കുടിപ്പുഴ ഡൈവേർഷൻ സ്കീമിന്റെ നവീകരണത്തിന് തുക കണ്ടെത്തണം. ഇടമലയാർ പദ്ധതിക്ക് വേണ്ടി ഫണ്ട് കിട്ടാവുന്നിടത്തു നിന്നൊക്കെ വാങ്ങണം. കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യമായി മെച്ചപ്പെട്ടിട്ടുണ്ട്. കുടിവെള്ളത്തിന് കേരള വാട്ടർ അതോറിറ്റി ഈടാക്കുന്ന ചാർജ്ജ് വർദ്ധിപ്പിക്കണം.

ശ്രീ. വി. സുരേന്ദ്രൻ പിള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജലസേചന വകുപ്പിലും ഭവന നിർമ്മാണ വകുപ്പിലും ഒരുപാട് മാറ്റങ്ങൾ വന്നിട്ടുണ്ട്. മാറിമാറി വന്ന ഗവൺമെന്റുകൾ ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും ധാരാളം പരാതികൾ നിലനിൽക്കുന്നുണ്ട്. എവിടെയാണ് തടസ്സം എന്നുള്ളത് കണ്ടുപിടിക്കാതെ മുന്നോട്ടുപോയാൽ കൂടുതൽ അപകടത്തിലേയ്ക്ക് പോകും. തീരപഥം പദ്ധതിയിലെ

പിഴവ് കണ്ടെത്തി പരഹരിക്കണം. കേരളത്തിൽ മുടങ്ങിക്കിടന്ന ധാരാളം പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. പഴവങ്ങാടി-തമ്പാന്നൂർ ഭാഗത്തെ വെള്ളക്കെട്ട് തടയുന്നതിന് മുഖ്യമന്ത്രി ഇടപെട്ട് യുദ്ധകാലാടിസ്ഥാനത്തിൽ ശാസ്ത്രീയമായ പരിഹാരമുണ്ടാക്കിയത് അഭിനന്ദനാർഹമാണ്. 15 കോടി രൂപ ചെലവാക്കിയാൽ തമ്പാനൂരിലേയും പഴവങ്ങാടിയിലേയും വെള്ളക്കെട്ടിന് പരിഹാരമുണ്ടാകും. 2009-ൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന ജെ.ബി.ഐ.സി. പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാനുള്ള നടപടിയുണ്ടാകണം.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മുടങ്ങിക്കിടന്ന പല പദ്ധതികളും രണ്ടു വർഷംകൊണ്ട് പൂർത്തീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. 534 സ്കൂളുകളിൽ കുടിവെള്ളമെത്തിക്കാനും. 1817 'വർഷ' യൂണിറ്റുകൾ പൂർത്തീകരിക്കാനും 9 ജില്ലകളിലായി 113 സുനാമി പുനരധിവാസ പദ്ധതിക്ക് പ്രവർത്തനാനുമതി നൽകാനും അവയുടെ 95 ശതമാനം പൂർത്തിയാക്കാനും കഴിഞ്ഞു. എ.ഡി.ബി.യുടേയും ലോക ബാങ്കിന്റേയും സഹായത്തോടുകൂടി സുനാമി ബാധിത പ്രദേശത്ത് ശുദ്ധജലം എത്തിക്കുന്നതിനുള്ള പണി പൂർത്തിയായിവരുന്നു. ജപ്പാൻ കുടിവെള്ള പദ്ധതി നൂറിലധികം പഞ്ചായത്തുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി 400 പഞ്ചായത്തുകളിൽകൂടി

നടപ്പിലാക്കിക്കൊണ്ട് സംസ്ഥാനത്ത് എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. എം.എൽ.എ. ചെയർമാനായിട്ടുള്ള താലൂക്ക് ഉപദേശക സമിതികളാണ് ഓരോ പ്രദേശത്തേയും കുടിവെള്ള പദ്ധതി സംബന്ധിച്ച് തീരുമാനിക്കുന്നത്. 223 പുതിയ ചെറുകിട പദ്ധതികളും 1550 ചെറുകിട കുടിവെള്ള പദ്ധതികളും നടപ്പിലാക്കി. സുനാമി ബാധിത പ്രദേശങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചു. വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് ആധുനിക ഉപകരണങ്ങൾ നൽകാൻ നടപടി സ്വീകരിക്കണം. ശാസ്താംകോട്ട ശുദ്ധജല തടാകം സംരക്ഷിക്കുന്നതിനായി റവന്യൂ, വനം, വാട്ടർ അതോറിറ്റി, സോയിൽ കൺസർവേഷൻ, പി.ഡബ്ള്യു.ഡി. തുടങ്ങിയ വകുപ്പുകളെ ബന്ധപ്പെടുത്തി ഒരു സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരിക്കണം.

<u>ശ്രീ. കെ.സി. കുഞ്ഞിരാമൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ശുദ്ധജല വിതരണവും ശുചീകരണവും, ജലസേചനം, ഭവനനിർമ്മാണം, വനം എന്നീ മേഖലകളിൽ ഒട്ടേറെ അഭിമാനകരമായ നേട്ടങ്ങൾ കൈവരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ഭവനനിർമ്മാണ ബോർഡിൽനിന്നും വായ്പയെടുത്ത് ജപ്തി നടപടികൾക്കു വിധേയമായവരെ വൺടൈം സെറ്റിൽമെന്റിലൂടെ രക്ഷപ്പെടുത്തി. ഒട്ടനവധി ആനുകൂല്യങ്ങൾ നൽകി വായ്പയെടുക്കുന്നവരെ സഹായിക്കാനും കുടിശ്ശിക പിരിച്ചെടുത്തുകൊണ്ട് ഭവനനിർമ്മാണ ബോർഡിനെ ചലനാത്മകമാക്കി ത്തീർക്കാനുമുള്ള പരിശ്രമങ്ങൾ നടത്തി. ലക്ഷം വീട് നവീകരണ

പദ്ധതി, ഭവന സുരക്ഷാ പദ്ധതി എന്നിവയുടെ സർക്കാർ സബ്സിഡി വർദ്ധിപ്പിച്ചും മറ്റു വകുപ്പുകളുമായി യോജിപ്പിച്ചും കേരളത്തിലെ മുഴുവൻ ഭവനരഹിതർക്കും വീടുണ്ടാക്കിക്കൊടുക്കാനുള്ള ലക്ഷ്യബോധത്തോടുകൂടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ജലവിഭവ രംഗത്ത് അഭിമാനകരമായ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. മുടങ്ങിക്കിടന്നിരുന്ന പല ചെറുകിട പദ്ധതികളും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാരാപ്പുഴ പദ്ധതി ആറു മാസംകൊണ്ട് പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന പ്രതീക്ഷയിലാണ്. തരിശായി കിടക്കുന്ന ഭൂമിയിൽ കൃഷിചെയ്യാൻ വേണ്ടി മൈനർ ഇറിഗേഷൻ പദ്ധതികൾക്ക് മുൻഗണന നൽകണം. വനം മാഫിയകളെ നിലയ്ക്കുനിർത്താൻ കഴിഞ്ഞു. നിലവിലുള്ള വനമേഖലയെ സംരക്ഷിക്കുന്നതിനും വനവിസ്തൃതി കൂട്ടുന്നതിനും സാധിച്ചു. ഒരു സമഗ്ര വന നയം ലക്ഷ്യം വച്ച് 'എന്റെ മരം പദ്ധതി', 'വഴിയോര തണൽപദ്ധതി' എന്നിവ നടപ്പാക്കി ലോക ശ്രദ്ധ ആകർഷിക്കാൻ കഴിഞ്ഞു. ഗവൺമെന്റ് തീരുമാനങ്ങൾ നടപ്പാക്കാൻ തയ്യാറാകാത്ത ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കണം. ആദിവാസികൾക്ക് വനവിഭവങ്ങൾ ശേഖരിക്കാനുള്ള അവകാശം കൊടുക്കുകയും ആയുർധാര പദ്ധതി പ്രകാരം ഫെഡറേഷന്റെ നേതൃത്വത്തിൽ അവർ ശേഖരിക്കുന്ന മരുന്നുകൾ എടുക്കുകയും വേണം.

<u>ശ്രീ. തോമസ് ചാണ്ടി</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികളെക്കുറിച്ച്

ജനപ്രതിനിധികളിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നത് അഭിനന്ദനാർഹമാണ്. കുറച്ചു പണംകൂടി ചെലവാക്കിയാൽ ഒരു പ്രദേശത്ത് മുഴുവൻ വെള്ളം കൊടുക്കാൻ കഴിയുന്ന പദ്ധതികൾ അനേകമുണ്ട്. അത് സമയബന്ധിതമായി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും അതിനുവേണ്ടി ഗവൺമെന്റ് മുന്നോട്ടിറങ്ങുകയും വേണം. ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തരിശുഭൂമിയിൽ കൃഷി ചെയ്യാൻ നടപടി സ്വീകരിക്കണം. സ്വാമിനാഥൻ കമ്മീഷൻ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതി നടപ്പിലാക്കി, കൽക്കെട്ടുകൾ ചുറ്റും കെട്ടി തണ്ണീർമുക്കം ബണ്ട് മൂന്ന് മാസം അടച്ചിടുകയാണെങ്കിൽ ഇപ്പോൾ വെറുതെ കിടക്കുന്ന കുട്ടനാടൻ പാടശേഖരങ്ങളിൽനിന്ന് രണ്ടുപ്രാവശ്യം വിളവെടുക്കാൻ കഴിയും. ഭക്ഷ്യ സുരക്ഷാ പദ്ധതി വിജയിപ്പിക്കണമെങ്കിൽ കുട്ടനാടിലെ തോടുകളുടെ ആഴം കൂട്ടാനും മുടങ്ങിക്കിടക്കുന്ന പദ്ധതികൾ തുട ങ്ങാനും സാധിക്കണം. 'വിളിപ്പാടകലെ വീട്' എന്നുള്ള സങ്കൽപ്പം സാധ്യമാകണം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജലവിഭവ വകുപ്പ് വിഭവ സമൃദ്ധമാക്കുന്നതിനും 41 കുടിവെള്ള പദ്ധതികൾക്ക് ശാപമോക്ഷം നൽകുന്നതിനും 2011 ആകുമ്പോൾ എല്ലാവർക്കും കുടിവെള്ളമെത്തിക്കുന്നതിനുമായി സർക്കാർ ലക്ഷ്യബോധത്തോടെ സംഘടിപ്പിച്ചിട്ടുള്ള പരിപാടികൾ വളരെയധികം ശ്രദ്ധേയമാണ്. ദേശീയ ശരാശരിയേക്കാൾ മഴ ലഭിക്കുന്ന കേരളത്തിൽ ആളോഹരി ജല ലഭ്യത കുറഞ്ഞ

സാഹചര്യത്തിൽ സർക്കാർ രൂപപ്പെടുത്തുന്ന ജലനയം വളരെയേറെ ശ്രദ്ധേയമാണ്. 8 ലക്ഷത്തിൽപ്പരം പേർക്ക് പുതുതായി കുടിവെള്ളമെത്തിക്കുന്നതിന് 33 വൻകിട പദ്ധതികളും 143 ചെറുകിട പദ്ധതികളും സമന്വയിപ്പിച്ച് വിജയപ്രദമാക്കിയ നടപടികൾ സർവ്വകാല റെക്കാർഡാണ്. ജലമോഷണം, ചൂഷണം, അനധികൃത ഇടപെടലുകൾ എന്നിവ തടയുന്നതിന് ശക്തമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഓർഡിനൻസിനെ സ്വാഗതം ചെയ്യുന്നു. 750 കോടിരൂപയുടെ നബാർഡ് പദ്ധതി ജലസ്രോതസ്സുകളെ സമാഹരിച്ചുകൊണ്ടുള്ള പുതിയ കർമ്മ പദ്ധതികൾക്ക് തുടക്കം കുറിക്കാൻ സഹായകരമാകുന്നതാണ്. മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ദേശീയ ശ്രദ്ധയിൽപ്പെടുത്താനും കാര്യമാത്ര പ്രസക്തിയോടുകൂടി അവതരിപ്പിക്കാനും അനുകൂലമായ വിധി ഉണ്ടാക്കാനും നടപടികൾ സ്വീകരിച്ചത് സർക്കാരിന്റെ നേട്ടങ്ങളിൽ പ്രമുഖങ്ങളാണ്. കഴിഞ്ഞ രണ്ട് വർഷക്കാലത്തിനുള്ളിൽ 534 ഗ്രാമീണ സ്കൂളുകൾക്ക് കുടിവെള്ളമെത്തിക്കാനും ഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് ഭരണാനുമതി നൽകാനും സുനാമി പുനരധിവാസ പദ്ധതി നടപ്പിലാക്കാനും കേരള വാട്ടർ അതോറിറ്റിയെ ഉപഭോക്തൃ സൗഹൃദ സ്ഥാപനമാക്കി മാറ്റാനും സാധിച്ചു. സർക്കാരിന് ഒരു ജനകീയ മുഖം നൽകുവാനും ജലസേചന വകുപ്പിനെ ജനസേവന വകുപ്പാക്കി മാറ്റാനും കഴിഞ്ഞത് അഭിനന്ദനാർഹമാണ്. വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനം പ്രതീക്ഷിച്ചതിനേക്കാൾ വർദ്ധിപ്പിക്കാൻ സാധിച്ചു. അഞ്ചരക്കണ്ടി, മുഴുപ്പിലങ്ങാട് കുടിവെള്ള പദ്ധതികളും കടലായി

കടൽഭിത്തി നിർമ്മാണവും പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. വനം-വന്യജീവി സംരക്ഷണം ഉറപ്പാക്കിക്കൊണ്ടുള്ള സമഗ്ര വനനയം രൂപീകരിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. 'എന്റെ മരം', 'നമ്മുടെ മരം' പദ്ധതികളുടെ ഗുണകരമായ പ്രതികരണം സാമൂഹ്യരംഗത്ത് വലിയ പ്രതീക്ഷ സൃഷ്ടിച്ചുവെന്നുള്ളത് വസ്തുതയാണ്. എല്ലാവർക്കും പാർപ്പിടം എന്നുള്ള സർക്കാരിന്റെ വീക്ഷണം നടപ്പാക്കാനാവശ്യമായ ശ്രമങ്ങൾ നടത്തണം. ഭവന നിർമ്മാണ ബോർഡിന്റെ കീഴിലുള്ള ഹൗസിംഗ് കോളനികളിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. നഗരങ്ങളിൽ ക്രമാതീതമായി ഉയർന്നുവരുന്ന വൻകിട കെട്ടിടങ്ങൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക-മാലിന്യ പ്രശ്നങ്ങളും ജലസ്രോതസ്സുകൾ വറ്റിപ്പോകുന്ന അവസ്ഥയും നിയന്ത്രിക്കാനാവശ്യമായ നിയമനിർമ്മാണ നടപടികൾ സ്വീകരിക്കണം. ഭവന നിർമ്മാണ മേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം.

ശ്രീ. ടി. പി. കുഞ്ഞുണ്ണി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഴിമതിരഹിതവും ഐശ്വര്യപൂർണ്ണവുമായ ഒരു സംസ്ഥാനം കെട്ടിപ്പടുക്കുന്നതിന് ഇച്ഛാശക്തിയോടുകൂടിയുള്ള പ്രവർത്തനമാണ് കഴിഞ്ഞ രണ്ടുവർഷമായി ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിൽ ആവാസയോഗ്യമായ ഒരു വീട് എന്നുള്ളത് ഏതൊരു മനുഷ്യന്റെയും സങ്കൽപ്പമാണ്. അന്തിയുറങ്ങാൻ ഇടമില്ലാതെ ദശലക്ഷക്കണക്കിന് ആളുകളുള്ളതിൽ ഭൂരിഭാഗവും എസ്.സി./എസ്.ടി., ദളിത്, പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരാണ്.

എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം നിറവേറ്റുന്നതിനുള്ള ഒട്ടേറെ ഭാവനാപൂർണ്ണമായ നടപടികൾ ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. അറുപതിനായിരത്തോളം വരുന്ന ലക്ഷം വീടുകളുടെ പുനരുദ്ധാരണത്തിനുവേണ്ട തുക ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് സ്വാഗതാർഹമാണ്. കഴിഞ്ഞ രണ്ട് വർഷക്കാലം വനങ്ങളുടെ വസന്തകാലമായിരുന്നു. കേന്ദ്ര വനം വകുപ്പിന്റെ കണക്കനുസരിച്ച് കേരളത്തിലെ വനഭൂമിയുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. അത് ഗവൺമെന്റിന്റെ ഇച്ഛാശക്തിയോടും ദീർഘവീക്ഷണത്തോടും കൂടിയുള്ള പ്രവർത്തനംമൂലമാണ്. കാട് വളർത്തി നാട് വളർത്തുക എന്നതാണ് എൽ. ഡി. എഫ്. സർക്കാരിന്റെ നയം. കഴിഞ്ഞ ഗവൺമെന്റിന്റെ അഞ്ച് വർഷക്കാലം കേരളത്തിലെ വനങ്ങൾ വനം മാഫിയകളുടെയും ഭൂമി കയ്യേറ്റക്കാരുടേയും വിഹാരകേന്ദ്രങ്ങളായിരുന്നു. സകല ജീവജാലങ്ങളുടേയും നിലനിൽപ്പിനാധാരമായ വനങ്ങൾ സംരക്ഷിക്കാനുള്ള സമഗ്ര നയത്തിന് സർക്കാർ രൂപംകൊടുത്തിട്ടുണ്ട്. അതോടൊപ്പം ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കണം. മഴവെള്ളം ശാസ്ത്രീയമായി സംഭരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ദീർഘവീക്ഷണത്തോടെ നടപ്പിലാക്കണം. ജല മലിനീകരണം തടയുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തണം. നീർത്തടങ്ങളും നെൽവയലുകളും സംരക്ഷിക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ടുകൊണ്ട് ഒരു നീർത്തടസംരക്ഷണ നിയമമുണ്ടാക്കാൻ ഗവൺമെന്റ് അലോചിച്ചുവരികയാണ്. സംസ്ഥാനത്തെ നീർത്തടങ്ങൾ, ജലസംഭരണികൾ എന്നിവ സരക്ഷിക്കാനാവ

ശ്യമായ നടപടികളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ അഭിനന്ദിക്കുന്നു.

ശ്രീ. കെ. ടി. ജലീൽ :ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 2025-ഓടുകൂടി ലോകത്തിൽ കുടിവെള്ളത്തിനുവേണ്ടിയുള്ള മഹാ യുദ്ധം നടക്കാൻ പോകുന്നുവെന്നാണ് ഐക്യ രാഷ്ട്ര സംഘടന മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. കുടിവെള്ളത്തിന്റെ പ്രശ്നം നമ്മുടെ സംസ്ഥാനവും അഭിമുഖീകരിക്കുന്നു. ആസൂത്രണം ഏറ്റവും ശക്ത മായി ആവിഷ്ക്കരിക്കേണ്ടത് ശുദ്ധജല വിതരണ രംഗത്താണ്. ജലസ്രോതസ്സുകൾ കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നതാണ് ഏറ്റവും വലിയ പ്രശ്നം. ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ഉപ്പുവെള്ളം ശുദ്ധീകരിച്ച് ശുദ്ധജലമാക്കി പ്രയോജനപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം. മലിനജലം ശുദ്ധീകരിക്കുന്നതിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കണം. പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനു പകരം നിലവിലുള്ള പദ്ധതികളുടെ പൂർത്തീകരണത്തിന് ഈ ഗവൺമെന്റ് ഊന്നൽ നൽകുന്നുവെന്നത് ശ്ലാഘനീയമാണ്. ജന ങ്ങൾക്ക് ശുദ്ധജലം കൊടുക്കുകയെന്ന പ്രാഥമിക ചുമതല നിറവേറ്റുന്ന തിനാണ് ‘സ്പാൻ’(Special Project Assisted by NABARD) പോലുള്ള പുതിയ പദ്ധതികൾ ഈ സർക്കാർ ആവിഷ്ക്കരിച്ചുക്കൊണ്ടി രിക്കുന്നത്. 37 വൻകിട പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള ശ്രമവും 750 കോടി രൂപയുടെ പ്രോജക്ടുകൾ നബാർഡിൽനിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രാവർത്തികമാക്കാനുള്ള ശ്രമവും സ്വാഗതാർഹ മാണ്. 42.5 കോടി രൂപ പദ്ധതിച്ചെലവ് പ്രതീക്ഷിക്കുന്ന തിരുനാ

വായ കുടിവെള്ള പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ അഭിനന്ദനാർഹമാണ്. മലിനജല നിർമ്മാർജ്ജന പദ്ധതികൾക്ക് പ്രാമുഖ്യം നൽകുന്നതിന്റെ പ്രയോജനം ലഭ്യമാകുന്നത് കൊച്ചി, തിരുവനന്തപുരം നഗരങ്ങൾക്കാണ്. ജലമോഷണവും അനധികൃത വാട്ടർ കണക്ഷനും തടഞ്ഞ് വാട്ടർ അതോറിറ്റിയുടെ നഷ്ടം ഇല്ലാതാക്കാനുള്ള പുതിയ നടപടികൾ സ്വീകരിച്ചു. മലപ്പുറം ജില്ലയിലെ പൊന്നാനി, തിരൂർ താലൂക്കുകളിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിന് ചമ്രവട്ടം പദ്ധതി യാഥാർത്ഥ്യമാക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തുകയും പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിരിക്കുന്നു. ജലവിതരണ രംഗത്ത് ഒരു പുത്തനുണർവ്വുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വന വിസ്തൃതി വർദ്ധിപ്പിക്കാൻ കഴിഞ്ഞത് എടുത്തുപറയേണ്ട നേട്ടമാണ്. ലക്ഷംവീടുകളുടെ പുനരുദ്ധാരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും നൽകുന്ന 25,000 രൂപ അപര്യാപ്തമായതിനാൽ 50,000 രൂപ നൽകുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ആർ. സെൽവരാജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അഴിമതി നിറഞ്ഞുനിന്ന കേരള വാട്ടർ അതോറിറ്റിയെ ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്ക്കരിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പ്രവർത്തനക്ഷമമാക്കി. 33 വൻകിട പദ്ധതികളുൾപ്പെടെ 143 ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിച്ചു. പുതുതായി ഭരണാനുമതി നൽകിയ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു. 124

എൻ.സി.പി.സി. പദ്ധതികളും 479 ഗ്രാമീണ സ്കൂൾ/അംഗൻ വാടികൾക്കുള്ള പദ്ധതികളും നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു. എ.ഡി.ബി.യുടേയും ലോകബാങ്കിന്റെയും സഹായത്തോടെ സുനാമി ബാധിത പ്രദേശങ്ങളിൽ ശുദ്ധജല വിതരണം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൊല്ലം ജില്ലയിലെ ചവറ, പന്മന പഞ്ചായത്തുകളിൽ കേരള ജല അതോറിറ്റിയും ജലനിധിയും സംയുക്തമായി നടപ്പിലാക്കുന്നതും 33 കോടി രൂപയോളം ചെലവു പ്രതീക്ഷിക്കുന്നതും ഒരു ലക്ഷം പേർക്ക് കുടിവെള്ളമെത്തിക്കാവുന്നതുമായ ഒരു പദ്ധതിയുടെ പണി പുരോഗമിച്ചുവരികയാണ്. ബോട്ട്ലിംഗ് വാട്ടർ പ്ലാന്റ് നിർമ്മിക്കുന്നതിനാവശ്യമായ ഭരണാനുമതി നൽകിയിട്ടുണ്ട്. അപേക്ഷ നൽകിയാൽ 7 ദിവസത്തിനുള്ളിൽ വാട്ടർ കണക്ഷൻ നൽകുന്ന പുതിയ സംവിധാനം തിരുവനന്തപുരം നഗരസഭാ പ്രദേശത്ത് ഗുണകരമായ രീതിയിൽ നടപ്പാക്കുന്നു. ഈ രണ്ടുവർഷക്കാലംകൊണ്ട് 303 കോടി രൂപ വാട്ടർ അതോറിറ്റി വെള്ളക്കരമിനത്തിൽ പിരിച്ചെടുത്തു. ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ജലനിധി പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി ലോകബാങ്കിന്റെ 2008-ലെ പീപ്പിൾ ഫസ്റ്റ് അവാർഡ് നേടിയിട്ടുണ്ട്. പാറശ്ശാല നിയോജക മണ്ഡലത്തിൽ 17 ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കുകയും കാളിപ്പാറ സ്കീം SPAN (Special Project Assisted by NABARD) പദ്ധതിയിലുൾപ്പെടുത്തി 118 കോടി രൂപയുടെ അംഗീകാരം നൽകുകയും കുന്നത്തുകാൽ ഗ്രാമ പഞ്ചായത്തിൽ ശുദ്ധജലമെത്തിക്കുന്നതിന് ഒരു പ്രത്യേക

പാക്കേജെന്ന നിലയിൽ 17 കോടി രൂപയുടെ പ്രത്യേക പദ്ധതി ആവിഷ്ക്കരിച്ച് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ 5 ജില്ലകളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന മുല്ലപ്പെരിയാർ ഡാം പ്രശ്നം പരിഹരിക്കുന്നതിന് സംസ്ഥാനം മുന്നോട്ടുവച്ച പുതിയ ഡാം നിർമ്മിക്കുക എന്ന ആശയം അംഗീകരിക്കപ്പെടുകയും നിലവിലുള്ളതിൽ നിന്നും 1300 അടി താഴെ പുതിയ ഡാം നിർമ്മിക്കുന്നതിന് വിദഗ്ദ്ധരുടെ ഒരു ഉപദേശക സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയിരക്കണക്കിന് ഏക്കർ വനഭൂമി കയ്യേറിയത് തിരിച്ചുപിടിക്കാൻ കഴിഞ്ഞ 2 വർഷംകൊണ്ട് സാധിച്ചിട്ടുണ്ട്. സാമൂഹ്യ വനവൽക്കരണത്തിൽ ലോകത്തിന് വഴികാട്ടിയായ 'എന്റെ മരം പദ്ധതി', 'വഴിയോര തണൽ പദ്ധതി' തുടങ്ങിയവ വിജയകരമായി നടപ്പാക്കാൻ കഴിഞ്ഞു. നീലക്കുറിഞ്ഞി ഉത്സവം സംഘടിപ്പിച്ചതും മൂന്നാർ അമിനിറ്റീസ് സെന്റർ തുടങ്ങിയതും ഈ ഗവൺമെന്റിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളാണ്. വന്യജീവി സംരക്ഷണത്തിനായി പറമ്പിക്കുളത്ത് ഒരു കടുവാസങ്കേതം നിർമ്മിച്ചു. നാടൻ മാന്തോപ്പുകൾ വനപ്രദേശങ്ങളിൽ വച്ചുപിടിപ്പിക്കാൻ ഗവൺമെന്റ് തയ്യാറായി. സംസ്ഥാനത്ത് പുതുതായി ഒരു വനം നയം ഉണ്ടാക്കിയെടുക്കുന്നതിന് സാധിച്ചു. റേഞ്ച് ഓഫീസർ വരെയുള്ള വനപാലകർക്കും മറ്റു ജീവനക്കാർക്കും റിസ്ക് അലവൻസ് നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കണം. രണ്ടുസെന്റ് ഭൂമി സ്വന്തമായുള്ള ദരിദ്ര ഭവന രഹിതർക്ക് സുരക്ഷാ ഭവന പദ്ധതി പ്രകാരമുള്ള സർക്കാർ സബ്സിഡി 9000 രൂപയിൽ നിന്നും 25,000 രൂപയായി വർദ്ധിപ്പിച്ചു.

കേരളപ്പിറവിയുടെ 50-ാം വാർഷികത്തോടനുബന്ധിച്ച് ഹൗസിംഗ് ബോർഡിൽ നിന്നും വായ്പ എടുത്ത് കുടിശ്ശിക വരുത്തിയ ദുർബല വിഭാഗങ്ങൾക്ക് വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിനോ ഇളവുനൽകുന്നതിനോ ഉത്തരവുണ്ടായത് ഈ സർക്കാരിന്റെ ദരിദ്ര ജനവിഭാഗങ്ങളോടുള്ള പ്രതിബദ്ധതയാണ് കാണിക്കുന്നത്.

ശ്രീ. രാജാജി മാത്യു തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ കഴിഞ്ഞ രണ്ടുവർഷക്കാലത്തെ പ്രവർത്തനത്തിനിടയിൽ ശുദ്ധജല വിതരണ സംവിധാനത്തെ വളരെയേറെ മെച്ചപ്പെടുത്തുന്നതിന് ഭാവനാപൂർണ്ണമായ നിരവധി പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിരവധി വർഷങ്ങളായി മുടങ്ങിക്കിടന്നിരുന്ന ഏതാണ്ട് 750 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രായോഗികമായ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട്. ഒല്ലൂർ നിയോജകമണ്ഡലത്തിലെ മാടക്കത്തറ, പുത്തൂർ മലയോര പഞ്ചായത്തുകളിൽ 12 കോടിയിൽപ്പരം രൂപയുടെ പദ്ധതികൾക്കാണ് വർഷങ്ങൾക്കുശേഷം ശാപമോക്ഷം കിട്ടിയത്. കുടിവെള്ള സ്രോതസ്സുകൾ ഫലപ്രദമായി സംരക്ഷിക്കേണ്ടതാവശ്യമാണ്. ലഭ്യമായ മഴവെള്ളം മുഴുവൻ സംഭരിക്കുന്നതിന് ഡാമുകൾ ശാസ്ത്രീയമായും ഫലപ്രദമായും ഡീ-സിൽറ്റ് ചെയ്യുന്നതിന് ഗവൺമെന്റ് ഗൗരവമായ പരിഗണന നൽകണം. ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ഡാമുകൾ നിർമ്മിക്കുന്നതിനും വിലപ്പെട്ട സംഭാവന നൽകിയ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി നീക്കിവച്ചിരിക്കുന്ന ഒരുകോടി രൂപ അപര്യാപ്തമായതിനാൽ

ആവശ്യമായ ഫണ്ട് അലോക്കേഷൻ ഉണ്ടാകണം. ഇറിഗേഷൻ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള 100 കണക്കിന് ഏക്കർ അന്യാധീനപ്പെട്ട ഭൂമി കണ്ടെത്തുന്നതിന് ശ്രമമുണ്ടാകണം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം രണ്ടുവർഷംകൊണ്ട് അന്യാധീനപ്പെട്ട അനേകായിരം ഏക്കർ ഭൂമി തിരിച്ചു പിടിക്കുന്നതിന് സാധിച്ചു. വാഗമണ്ണിൽ 440 ഹെക്ടർ റിസർവ്വ് വനം ഏറ്റെടുത്തു. ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശമുണ്ടായിരുന്ന 810 ഏക്കർ ഭൂമി തിരിച്ചുപിടിക്കാൻ കഴിഞ്ഞു. മാങ്കുളത്ത് 22253 ഏക്കർ ഭൂമി റിസർവ്വ് വനമായി പ്രഖ്യാപിച്ചു. ദേവികുളം താലൂക്കിൽ 8000 ഏക്കർ റവന്യൂ ഭൂമി നീലക്കുറിഞ്ഞി സാങ്ച്വറിയാക്കി മാറ്റി. സംസ്ഥാനത്തെ വനങ്ങൾ സംരക്ഷിക്കുന്നതിനുള്ള സമഗ്രമായ വനം നയം രൂപീകരിക്കുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ ഗവൺമെന്റ് നടത്തുന്നത്. ആയിരക്കണക്കിന് ഭൂരഹിതരായ കർഷകർക്ക് എൻ.ആർ.എഫ്. ഭൂമിയിൽ പട്ടയം നൽകുന്നതിന് അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. പല സ്ഥലങ്ങളിലും ഫോറസ്റ്റ് അധികൃതർ വെട്ടിനീക്കിയ മരങ്ങളുടെ കാര്യത്തിൽ പാവപ്പെട്ട കർഷകർ അനുഭവിക്കുന്ന ദുരിതത്തിന് പരിഹാരമുണ്ടാകണം. സവിശേഷമായ വനസമ്പത്തുകൾ സംരക്ഷിക്കുന്നതിനെയും വനവിഭവങ്ങൾ വിനിയോഗിക്കുന്നതിനെയും സംബന്ധിച്ച് ഗവേഷണങ്ങളും പഠനങ്ങളും നടത്തുന്നതിന് സംസ്ഥാനത്ത് നിലവിലുള്ള കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു ഡീംഡ് ഇൻസ്റ്റിറ്റ്യൂട്ടാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റിലെ മന്ത്രിമാർക്കെതിരായി യാതൊരുവിധ ആക്ഷേപവും ഇതുവരെ ഉന്നയിക്കപ്പെട്ടിട്ടില്ല. ആഗോളതാപ നിലയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളും അതനുസരിച്ച് കാലാവസ്ഥയിൽ വന്നിരിക്കുന്ന വ്യതിയാനവും ലോകജനതയ്ക്ക് നേരെ ഭീഷണി ഉയർത്തുന്ന ഒരു പ്രധാന പ്രശ്നമാണ്. അതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ഒരു വനം നയം രൂപീകരിക്കാൻ ഗവൺമെന്റിനു കഴിഞ്ഞു എന്നത് എടുത്തു പറയത്തക്ക നേട്ടമാണ്. റിസർവ്വ് വനത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുകയും 440 ഹെക്ടർ ഭൂമി വാഗമണ്ണിൽനിന്നും ഏറ്റെടുത്ത് റിസർവ്വ് വനമായി പ്രഖ്യാപിക്കുകയും ചെയ്തു. മാങ്കുളം ഭൂമി റിസർവ്വ് വനമായി പ്രഖ്യാപിച്ചു. ചന്ദനത്തടി മോഷണം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. മറയൂരിൽ ദ്രുതകർമ്മസേനയെ വിന്യസിപ്പിച്ചുകൊണ്ട് ചന്ദനമരങ്ങൾ ഫലപ്രദമായി സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കുകയുണ്ടായി. കണ്ടുകെട്ടിയ വാഹനങ്ങൾ ലേലം ചെയ്ത വകയിൽ 17 ലക്ഷം രൂപ ഖജനാവിലേയ്ക്ക് മുതൽകൂട്ടാൻ കഴിഞ്ഞു. കമ്പക്കല്ല്, അട്ടപ്പാടി എന്നീ പ്രദേശങ്ങളിൽ വൻതോതിൽ നടന്നിരുന്ന കഞ്ചാവ് കൃഷി അവസാനിപ്പിക്കാൻ കഴിഞ്ഞു. ഈ ഗവൺമെന്റ് കൊണ്ടുവന്ന 'എന്റെ മരം' പദ്ധതിപോലെയുള്ളവ വളരെയേറെ ശ്രദ്ധ ആകർഷിക്കുന്നതാണ്. ദേവികുളം താലൂക്കിൽ നീലക്കുറിഞ്ഞി സാങ്ച്വറി ആരംഭിച്ചിട്ടുണ്ട്. സൈലന്റ് വാലി ദേശീയ ഉദ്യാനത്തിന്റെ 148 കിലോമീറ്റർ ചുറ്റളവ് വനഭൂമി ബഫർ സോണായി

പ്രഖ്യാപിച്ചിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വനം വകുപ്പുമായി ബന്ധപ്പെട്ട് നിരവധി ആക്ഷേപങ്ങൾ ഉയർന്നുവന്നിരുന്നു. എന്നാൽ ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിലെ മന്ത്രിമാരുടെ ഭാഗത്തു നിന്നും യാതൊരു വിധത്തിലുള്ള ക്രമക്കേടുകളോ അഴിമതികളോ ഉണ്ടായിട്ടില്ലെന്നാണ് കോടതി അഭിപ്രായപ്പെട്ടിരിക്കുന്നത്. 800 ഏക്കറിലധികം ഭൂമി ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിൽനിന്നും തിരിച്ചുപിടിക്കാൻ കഴിഞ്ഞു. സംസ്ഥാന ഗവൺമെന്റ് വളരെ സുതാര്യമായിട്ടാണ് കാര്യങ്ങൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞു എന്നത് ജനസേചന വകുപ്പിന്റെ കാര്യക്ഷമത എടുത്തുകാട്ടുന്നു. എല്ലാ ഡാമുകളുടെയും സുരക്ഷയ്ക്കുവേണ്ടിയുള്ള ഉപദേശം നൽകുന്നതിനുവേണ്ടി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കാനും ആവശ്യമായ തെളിവുകൾ ശേഖരിച്ച് കോടതിയിൽ സമർപ്പിക്കാനും ഗവൺമെന്റിനു കഴിഞ്ഞു. സംസ്ഥാന ചരിത്രത്തിൽ ഒരിക്കലുമുണ്ടായിട്ടില്ലാത്ത മൂലധന നിക്ഷേപമാണ് ജലവിതരണ രംഗത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പദ്ധതി നടത്തിപ്പ് സമയബന്ധിതമായി പൂർത്തിയാക്കി വരുന്നു. ഭരണാനുമതി കൊടുത്ത 26 സ്കീമുകളിൽ 20 എണ്ണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിച്ചു. മുടങ്ങിക്കിടന്നിരുന്ന 39 പ്രോജക്ടുകളിൽ 21 എണ്ണം നബാർഡിനു സമർപ്പിച്ചു. . മാങ്കുളം പ്രദേശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ഒരു തീരുമാനമുണ്ടാക്കാൻ വനംവകുപ്പുമന്ത്രി മുൻകൈ എടുക്കണം. നീലക്കുറിഞ്ഞി സാങ്ച്വറി പ്രദേശത്ത് താമസിക്കുന്ന ജനങ്ങൾക്ക് അവ

രുടെ ഭൂമി തിരികെ നൽകണം. ഇക്കോളജിക്കലി ഫ്രജൈൽ ലാന്റായി പ്രഖ്യാപിക്കുന്ന സ്ഥലത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കണം.

ശ്രീ. അടൂർ പ്രകാശ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കഴിഞ്ഞ രണ്ടു വർഷക്കാലമായി ജനങ്ങൾക്കാവശ്യമുള്ള കാര്യങ്ങളൊന്നും സമയബന്ധിതമായി നിറവേറ്റാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇരുട്ടിൽ തപ്പുന്ന മന്ത്രിമാരെയാണ് എവിടേയും കാണാൻ സാധിക്കുന്നത്. കേരളത്തിലെ ശുദ്ധജലവിതരണ പദ്ധതികളിൽ പലതും പകുതിവഴിയിൽ നിൽക്കുകയാണ്. നബാർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ ചില പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രമം നടത്തിയിട്ടുള്ളത് സ്വാഗതാർഹമാണ്. അതോടൊപ്പംതന്നെ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തിയാക്കണം. അടൂർ നിയോജകണ്ഡലത്തിലെ തണ്ണിത്തോട് ശുദ്ധജലവിതരണ പദ്ധതി 263.31 ലക്ഷം രൂപ ചെലവഴിച്ചിട്ടും ഏഴെട്ട് ടാങ്കുകളുടെ പണികൾ ഇനിയും പൂർത്തീകരിക്കാൻ ബാക്കിയുണ്ട്. 2007 മാർച്ച് മാസത്തിനുമുമ്പ് പണി പൂർത്തിയാക്കുമെന്നുള്ള വാഗ്ദാനം ഒരു ജലരേഖയായി മാറിയിരിക്കുകയാണ്. കൂടൽ ശുദ്ധജല വിതരണ പദ്ധതി നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. വനം സംരക്ഷിക്കുന്നതിന് പ്രതിപക്ഷം എതിരല്ല. വനസംരക്ഷണത്തിന്റെ പേരു പറഞ്ഞ് മലയോരമേഖലകളിലെ ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുവാൻ നടത്തുന്ന പ്രവർത്തനങ്ങൾ തെറ്റാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അടൂർ

നിയോജകമണ്ഡലത്തിലെ അച്ചൻകോവിൽ-കോന്നി-തണ്ണിത്തോട് വഴി ചിറ്റാറിലേയ്ക്ക് പോകുന്ന പാത സഞ്ചാരയോഗ്യമാക്കുന്നതിനാവശ്യമായ പണം ബഡ്ജറ്റിൽ വകയിരുത്തിയോ പ്രധാനമന്ത്രിയുടെ ഗ്രാമീൺ സഡക് യോജനയിൽ ഉൾപ്പെടുത്തിയോ നബാർഡിൽ ഉൾപ്പെടുത്തിയോ പണി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പരിസ്ഥിതി പ്രവർത്തകരാണ് കോന്നി റോഡ് നിർമ്മാണത്തിന് തടസ്സം നിൽക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ പ്രേമചന്ദ്രൻ) : കഴിഞ്ഞ കാലങ്ങളിൽ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങള സംബന്ധിച്ചും തുടർന്ന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ചും ക്രിയാത്മകമായ വിമർശനങ്ങളും നിർദ്ദേശങ്ങളും ഉയർന്നു വരികയുണ്ടായി. കഴിഞ്ഞ രണ്ട് വർഷക്കാലം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ജല വിഭവ രംഗത്ത് സ്വീകരിച്ച നയപരമായ നിലപാടുകളെക്കുറിച്ചാണ് സജീവമായി ചർച്ച ചെയ്യപ്പെട്ടത്. രണ്ട് വർഷക്കാലയളവിൽ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ പൂർണ്ണ തോതിൽ നടപ്പാക്കിയെന്ന വാദം ഗവൺമെന്റിനില്ല. പ്രഖ്യാപിച്ച പദ്ധതികൾ പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള ആത്മാർത്ഥമായ പരിശ്രമത്തിലാണ് ഗവൺമെന്റ് ഏർപ്പെട്ടിരിക്കുന്നത്. കേരളത്തിലെ ജല വിഭവ ലഭ്യതയെക്കുറിച്ചാണ് പ്രധാനമായും ആശങ്കകൾ ഉയർന്നുവന്നത്. രാജ്യത്ത് ലഭിക്കുന്ന മഴയുടെ 4.8 ശതമാനം സംസ്ഥാനത്ത് ലഭിക്കുന്നുണ്ട്. 44 നദികളുള്ള ഒരു സംസ്ഥാനമാണ് കേരളം. ഈ 44 നദികളിലേയും ജലവിഭവസമ്പത്തിന്റെ ശേഷി പരിശോധിച്ചാൽ ഗോദാവരി നദിയുടെ

ജലവിഭവത്തിന്റെ ശേഷിയോളം വരില്ല. ദേശീയതലത്തിൽ അംഗീകരിച്ച നദികളുടെ നിർവ്വചനത്തിന്റെ പരിധിയിൽ പമ്പ, ചാലിയാർ, പെരിയാർ, ഭാരതപ്പുഴ എന്നീ നാല് നദികൾ മാത്രമാണ് വരുന്നത്. ആകെ ലഭിക്കുന്ന ജലത്തിന്റെ 59 ശതമാനം ജലസേചനത്തിനും 19 ശതമാനം കുടിവെള്ളത്തിനും 14 ശതമാനം വ്യാവസായികാവശ്യത്തിനും ബാക്കി മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്നു. നദികളുടേയും പുഴകളുടേയും തടാകങ്ങളുടേയും തണ്ണീർത്തടങ്ങളുടേയും സംരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഗവൺമെന്റ് ബോധവൽക്കരണ പരിപാടികളും ജനകീയ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്തുകൊണ്ട് ഈ പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പഞ്ചായത്തുകളുടേയും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും പരിധിയിൽ വരുന്ന ജലസ്രോതസ്സുകളുടെ പരിരക്ഷ ഉറപ്പു വരുത്താൻ കഴിഞ്ഞാൽ കേരളത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പു വരുത്താൻ കഴിയും. സംസ്ഥാന ഗവൺമെന്റ് ഒരു കരട് ജലനയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ നിയമസഭാ സമ്മേളനത്തിൽത്തന്നെ പരിഷ്ക്കരിക്കപ്പെട്ട ജല നയം സഭയുടെ അംഗീകാരത്തിനുവേണ്ടി സമർപ്പിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ആ ജല നയത്തിൽ പ്രധാനമായും ഊന്നൽ കൊടുത്തിട്ടുള്ളത് കുടിവെള്ളത്തെ സംബന്ധിച്ചാണ്. നിരവധി ഏജൻസികൾ ജല വിതരണ രംഗത്ത് പ്രവർത്തിച്ച് വരുന്നു. കേന്ദ്ര ഗവൺമെന്റിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫണ്ട് കിട്ടുന്നതൊഴിച്ചാൽ ദീർഘകാലാടി

സ്ഥാനത്തിലുള്ള സമഗ്രമായ ശുദ്ധജല വിതരണ പ്ളാൻ ഈ രംഗത്ത് ഇല്ലെന്നുള്ളത് വസ്തുതയാണ്. കേരളത്തിന്റെ ശുദ്ധജല ആവശ്യം പരിഗണിച്ചുകൊണ്ട് സമഗ്രമായ ഡ്രിങ്കിംഗ് വാട്ടർ പ്ളാൻ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഈ ഗവൺമെന്റ് ചുമതലയേറ്റതിനുശേഷം 316 കോടി രൂപയുടെ പദ്ധതികൾക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്ത് ഒരു വർഷത്തിനുള്ളിൽ ടെന്റർ പ്രോസസ് പൂർത്തീകരിച്ച് പണി ആരംഭിക്കാൻ കഴിഞ്ഞു. മുടങ്ങിക്കിടന്ന 39 പദ്ധതികളുടെ മുഴുവൻ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി 48 മണിക്കൂറിനുള്ളിൽ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകി. 750 കോടി രൂപയുടെ പദ്ധതികൾ നബാർഡിന് സമർപ്പിച്ചു. രണ്ടാമത്തെ പ്രയോറിറ്റി കൊടുക്കുന്നത് നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ വിപുലീകരണത്തിനും മൂന്നാമത്തെ പ്രയോറിറ്റി പുതിയ കുടിവെള്ള പദ്ധതികൾക്കുമാണ്. എം.എൽ.എ മാർ എഴുതി നൽകിയിട്ടുള്ള പദ്ധതികൾ പരിഗണിച്ചുകൊണ്ട് കൂടുതൽ മൂലധന നിക്ഷേപത്തിലൂടെ ജലവിതരണ രംഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. .ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷന്റെ സാമ്പത്തികസഹായത്തോടുകൂടിയുള്ള പദ്ധതി 2009-ൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. എ.ഡി.ബി.-യുടെ സഹായത്തോടുകൂടിയുള്ള ശുദ്ധജല വിതരണ പദ്ധതികൾ 2009 ഡിസംബർ മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ

സാധിക്കും. 2008-2009 വർഷത്തിൽ ഏതാണ്ട് 40 മേജർ പദ്ധതികളും 90 ശുദ്ധജല വിതരണ പദ്ധതികളും മുഖേന ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന പദ്ധതികൾ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കേരളത്തിലെ വാട്ടർ അതോറിറ്റി നടത്തിയ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ 33 ശതമാനം ഡിസ്ട്രിബ്യൂഷൻ ലോസ് കുറയ്ക്കാൻ സാധിച്ചു. 1999-ലാണ് വെള്ളക്കരം പരിഷ്ക്കരിച്ചത്. പ്രതിമാസം 11.50 കോടി രൂപ വൈദ്യുതി ചാർജ്ജിനത്തിൽ കൊടുക്കണം. ഇപ്പോൾ വിൽക്കുന്ന വെള്ളത്തിന്റെ മുഴുവൻ ചാർജ്ജും പിരിച്ചെടുത്താൽപോലും വൈദ്യുതി ചാർജ്ജ് കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണ്. അതിനു പുറമേയാണ് ജീവനക്കാരുടെ ശമ്പളവും മറ്റ് ചെലവുകളും. വെള്ളക്കരം കൂട്ടുന്നതിനെക്കുറിച്ച് തീരുമാനിച്ചിട്ടില്ല. എന്നാൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്. കർശനമായ നിലപാട് സ്വീകരിച്ച് പരമാവധി റവന്യൂ കുടിശ്ശിക കളക്ട് ചെയ്തുകൊണ്ട് സാധാരണ ജനങ്ങളുടെ മേൽ അധിക ഭാരം അടിച്ചേൽപ്പിക്കാതിരിക്കാനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയെ ഒരു സൗഹൃദ-ആധുനിക സ്ഥാപനമാക്കി മാറ്റിയെടുക്കുന്നതിന് ഇ-ടെണ്ടറിംഗ് പ്രക്രിയ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. പ്രോജക്ട് മോണിറ്ററിംഗ് സിസ്റ്റം ഉൾപ്പെടെ ഇലക്ട്രോണിക് കംപ്ളെയിന്റ് റിഡ്രസ്സൽ സിസ്റ്റത്തിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയെ ശാക്തീകരിക്കുന്നതിനുള്ള പ്രവർത്തനം ഫലപ്രദമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. യൂണിയൻ പ്രതിനിധികളുടെ സഹകരണത്തോടെ വാട്ടർ അതോറിറ്റിയുടെ മാനേജ്മെന്റ്

ഘടനയിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സജീവ പരിഗണനയിലാണ്. കുപ്പിവെള്ളം വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ഈ വർഷംതന്നെ ആരംഭിക്കും. പി.വി.സി. പൈപ്പ് ഫാക്ടറിക്കുള്ള നിയമപരമായ തടസ്സം മാറ്റിയിട്ടുണ്ട്. കേരള വാട്ടർ സപ്ളൈ ആന്റ് സ്വീവറേജസ് ആക്ട് ഭേദഗതി ചെയ്ത് സഭയിൽ കൊണ്ടുവരാൻ പോകുകയാണ്. 400 പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കുന്ന 1200 കോടി രൂപ മുതൽമുടക്കുള്ള ജലനിധി പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ജനകീയ പങ്കാളിത്തത്തോടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും 'സുജല' പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ പ്രശ്നം ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കൃഷി വകുപ്പും ജലസേചന വകുപ്പും പരസ്പര പൂരകങ്ങളായി പ്രവർത്തിക്കേണ്ടതാണ്. പൈലറ്റ് പ്രോജക്ടായ പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജ്മെന്റ്, കർഷകരുടേയും ജനപ്രതിനിധികളുടേയും സഹകരണത്തോടുകൂടി സംസ്ഥാനത്ത് ഒട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രത്യേക റി-വാമ്പിംഗ് പ്രോജക്ടുകൾ തയ്യാറാക്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളെ ശാക്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ചമ്രവട്ടം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷം ആരംഭിക്കുന്നതാണ്. മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്ട് മൊത്തത്തിൽ റി-വാമ്പിംഗ് നടത്താൻ ഉദ്ദേശിക്കുന്നു. ബാണാസുരസാഗർ - കാരാപ്പുഴ പദ്ധതികളുടെ നിയമപ

രമായ പ്രവർത്തന തടസ്സം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. ഇടമലയാർ-പലകപ്പാണ്ടി പദ്ധതികൾ സമയബന്ധിതമായി പുരോഗമിക്കുന്നുണ്ട്. മുല്ലപ്പെരിയാർ പ്രശ്നം സംബന്ധിച്ച കേസ്സിൽ സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും കാര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ഇന്റർ സ്റ്റേറ്റ് വാട്ടർ സെൽ രൂപീകരിച്ച് പ്രവർത്തനം മുന്നോട്ടുപോകുന്നുണ്ട്. പറമ്പിക്കുളം-ആളിയാർ പ്രോജക്ട് എഗ്രീമെന്റുമായി ബന്ധപ്പെട്ട് ചർച്ച നടന്നുവരികയാണ്. കടൽഭിത്തി നിർമ്മാണത്തിൽ ഗ്യാബിയോൺ സ്ട്രക്ച്ചർ ഉപയോഗിച്ച് തിരമാലകളെ പ്രതിരോധിക്കാൻ കഴിയുന്ന തരത്തിലുള്ള ആധുനിക സാങ്കേതിക വിദ്യ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. തീരപ്രദേശത്തെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ സമയബന്ധിതമായി പുരോഗമിച്ചു വരികയാണ്. സംസ്ഥാനത്തെ തണ്ണീർത്തടങ്ങളും നദീതീരങ്ങളും സംരക്ഷിക്കുന്നതിനുള്ള റിവർ ബെയ്സിൻ അതോറിറ്റിയും വെറ്റ് ലാൻഡ് പ്രൊട്ടക്ഷൻ അതോറിറ്റിയും രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ജലവിഭവ വകുപ്പിൽ കഴിഞ്ഞ രണ്ടു വർഷക്കാലത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ആത്മാർത്ഥ പരിശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.ബിനോയ് വിശ്വം) : ഇ.എം.എസ്. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയും ലക്ഷം വീട് പദ്ധതിയും വിജയകരമായി പൂർത്തീകരിക്കുന്നതിനുള്ള നയപരവും ധനപരവുമായ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് ഈ ഗവൺമെന്റിന് സാധിക്കുന്നതാണ്. കേന്ദ്ര വന നിയമത്തിന്റെ

പരിധിക്കുള്ളിൽ നിന്നുകൊണ്ടു മാത്രമേ സംസ്ഥാന വനം വകുപ്പിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. അച്ചൻകോവിൽ-കോന്നി-തണ്ണി ത്തോട് വഴി ചിറ്റാർ, മണിയാർ-കട്ടച്ചിറ- തണ്ണിത്തോട് റോഡുകൾ പ്രാവർത്തികമാക്കുന്നതിന് ആ പ്രദേശത്തെ ജനപ്രതിനിധികളുടേയും പരിസ്ഥിതി പ്രവർത്തകരുടേയും യോഗം വിളിച്ചുകൂട്ടി സമവായമു ണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. ഭാവി തലമുറയ്ക്ക് കുടിവെള്ളവും ശുദ്ധവായുവും ലഭിക്കത്തക്കവിധം വനം സംരക്ഷിക്കപ്പെടുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

(ബഹുമാനപ്പെട്ട മന്ത്രി മെർക്കിസ്റ്റൺ ഭൂമി ഇടപാടിനെ സംബന്ധിച്ച് വിശദീകരിക്കവെ പ്രതിപക്ഷം ഒന്നടങ്കം ബഹളം വയ്ക്കുകയും തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ച് പുറത്തുപോവുകയും ചെയ്തു)

മെസ്സേഴ്സ് ജയശ്രീ ടീ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നും സേവി മനോ മാത്യു 2005 മാർച്ച് മാസം 30-ാം തീയതി സ്ഥലം വാങ്ങിയതിന്റെ ആധാരം എന്റെ കൈവശമുണ്ട്. അന്ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും വനംവകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമാണ്. ഈ ധന്യമായ സഭയും ജനങ്ങളും അറിയേണ്ട വിഷയമാണിത്. ബിർളയുടെ ഉടമസ്ഥതയിലുള്ള മെസ്സേഴ്സ് ജയശ്രീ ടീ ആന്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് സ്ഥലം വാങ്ങിയത് സേവി മനോ മാത്യുവിന്റെ ഉടമസ്ഥതയിലുള്ള കമ്പനിക്കാണ്. 2001 മുതൽ ഇ.എഫ്.എൽ. ഭൂമി ആയിരുന്ന പ്രസ്തുത ഭൂമി കേന്ദ്രസ്ഥാപനമായ

ഐ.എസ്.ആർ.ഒ.യ്ക്ക് വിറ്റത് യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. വിൽക്കാൻ ബിർളയ്ക്കും വാങ്ങാൻ സേവി മനോമാത്യുവിനും അവകാശമില്ലാതിരിക്കെ വില്പനയ്ക്ക് കൂട്ടുനിന്നത് ആരാണെന്ന സത്യം പുറത്തറിയാൻ പാടില്ലാത്തതുകൊണ്ടാണ് പ്രതിപക്ഷം ഇറങ്ങിപ്പോയത്. ഈ വസ്തുത ശ്രദ്ധയിൽപ്പെട്ടപ്പോൾ ഐ.എസ്.ആർ.ഒ.യെ വിളിച്ചറിയിക്കുകയും എൽ.ഡി.എഫ്. ഗവൺമെന്റ് പകരം സ്ഥലം കൊടുക്കുകയും ചെയ്തു. തെറ്റായ ഇടപാടിന്റെ പോക്കുവരവ് റദ്ദാക്കി ഒഴിഞ്ഞുപോകാൻ നോട്ടീസ് കൊടുത്തു. കേസ്സിപ്പോൾ കോടതിയിലാണ്. അതിൽ ഗവൺമെന്റ് ഒരു ഭാഗത്തും സേവി മനോ മാത്യു മറുഭാഗത്തുമാണ്. തങ്ങൾക്കുപറ്റിയ വീഴ്ച ഏറ്റുപറയാൻ യു.ഡി.എഫ്. നേതൃത്വം തയ്യാറാവണം. ഭവന നിർമ്മാണ മേഖലയിൽ ലക്ഷം വീടുകൾ നവീകരിക്കുകയും ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കുകയും ചെയ്യും. വരുന്ന 3 വർഷം കൊണ്ട് ഈ സർക്കാരിന്റെ ഭവന നിർമ്മാണ മേഖലയിലെ പ്രയത്നം തലചായ്ക്കാനൊരു വീട് എല്ലാവർക്കും കൊടുക്കുക എന്നുള്ളതാണ്. ആദിവാസികളുടെ ജീവിതാവശ്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുമാത്രമേ നയങ്ങൾ നടപ്പിലാക്കാൻ സാധിക്കൂ. യു.പി.എ. ഗവൺമെന്റ് കൊണ്ടുവന്ന നിയമനിർമ്മാണങ്ങളിൽ സുപ്രധാനമായ ഒന്നാണ് ആദിവാസി സമൂഹത്തിന്റെ വനാവകാശ നിയമം. ആ നിയമം അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കുന്ന ഒന്നാമത്തെ സംസ്ഥാനമായി കേരളത്തെ മാറ്റും. ഇക്കാര്യം വിവിധ വകുപ്പുകളുമായി പലതവണ ചർച്ച ചെയ്തുകഴിഞ്ഞു. ഇവിടെ ചൂണ്ടിക്കാണിച്ച ആശങ്ക ഒഴിവാക്കാൻ തീർച്ചയായും ഈ സർക്കാർ

ശ്രമിക്കുന്നതാണ്. വയനാട്ടിലെ ഭൂപ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്ന ഒരു സർക്കാരാണിത്. നിയമപരമായ സങ്കീർണ്ണതകൾക്ക് പരിഹാരം കാണണം. വനപാലകർക്ക് ആവശ്യമെങ്കിൽ ഇനിയും ആയുധം കൊടുക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്. മറയൂരിലേയ്ക്ക് നിയോഗിക്കുന്ന വനപാലകർക്ക് താമസസൗകര്യങ്ങളും മറ്റ് അലവൻസുകളും ഏർപ്പെടുത്തിയതിനാൽ ചന്ദനം കൊള്ള നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് **1750** ഏക്കർ സ്ഥലത്ത് ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി മൂന്നു മാസത്തിനകം ആരംഭിക്കും. പറമ്പിക്കുളത്തെ കടുവ സങ്കേതത്തിനുള്ള തീരുമാനം ഉടൻ പ്രഖ്യാപിക്കുന്നതാണ്. കോട്ടൂരിൽ ആനത്താവളം മൂന്നു മാസ ത്തിനകം ആരംഭിക്കും. കോടനാട്ടെ വൈൽഡ് ആനിമൽസ് റെസ്ക്യൂ സെന്റർ കാപ്രിക്കാട്ട് ഉദ്ദേശം **100** ഹെക്ടർ സ്ഥലത്തേയ്ക്ക് മാറ്റു ന്നതാണ്. സംസ്ഥാനത്തെ **56** ഇക്കോ ടൂറിസം പദ്ധതികൾ രണ്ടു കൊല്ലംകൊണ്ടു പൂർത്തിയാക്കും. എം.എൻ. ലക്ഷം വീട് പദ്ധതിക്കും ഇ.എം.എസ്. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിക്കും ആവശ്യമായ മണൽ കുറഞ്ഞ നിരക്കിൽ വനം വകുപ്പിൽ നിന്ന് ലഭ്യ മാക്കുന്ന കാര്യം ആലോചിക്കുന്നതാണ്. നീലക്കുറിഞ്ഞി സാങ്ച്വറി യുടെ കാര്യത്തിൽ, പാവപ്പെട്ട കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാ കാത്തവിധം ആവശ്യമായ തിരുത്തലുകൾ വരുത്തി അന്തിമ നോട്ടിഫി ക്കേഷൻ പുറപ്പെടുവിക്കുന്നതാണ്. ബഡ്ജറ്റിൽ വകയിരുത്തിയ രണ്ടര കോടി രൂപ ഉപയോഗിച്ച് പാവപ്പെട്ടവർക്കായി കൊച്ചിയിൽ പ്ലാനിംഗ് ബോർഡിന്റെ സഹകരണത്തോടെ 40 ഫ്ളാറ്റുകൾക്കുള്ള ഒരു പദ്ധതി

ആരംഭിച്ചു. കട്ടപ്പന, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞു. പണ്ഡിറ്റ്സ് നഗർ കോളനി, ജഗതി, പി.ടി. ചാക്കോ നഗർ എന്നിവിടങ്ങളിൽ 'പാരസ്പര്യ' പാർപ്പിട പദ്ധതി ആരം ഭിക്കുന്നതാണ്. കോഴിക്കോട് ചേവായൂരിലും കൊച്ചിയിൽ കാക്ക നാട്ടും ഈ പദ്ധതിക്ക് സാധ്യതയുണ്ട്. വീട് വയ്ക്കാൻ ഉദ്ദേശിക്കുന്ന പാവപ്പെട്ടവർക്ക് **600** സ്ക്വയർ ഫീറ്റ് വരെയുള്ളതിന് സൗജന്യ നിരക്കിലും **600** മുതൽ **2000** സ്ക്വയർ ഫീറ്റ് വരെയുള്ളവർക്ക് ചെറിയ മാർജിൻ ഫീ ഏർപ്പെടുത്തിയും സിമെന്റ്, കമ്പി, മണൽ, ഹോളോബ്രിക്സ് എന്നിവ നൽകുന്ന 'കലവറ' പദ്ധതി കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ വ്യാപിപ്പിക്കുന്നതാണ്. വനം വകുപ്പിലെ ജീവനക്കാർക്കുള്ള പാർപ്പിട നിർമ്മാണത്തിനായി ഫോറസ്റ്റ് ഹൗസിംഗ് ഡെവലപ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ അവ വോട്ടിനിട്ടില്ല. )

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ

ധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.52-ന് പിരിഞ്ഞു.)